മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *121

## യു.ജി.സി. മാർഗനിർദ്ദേശങ്ങളിന്മേൽ നടപടി

1(*121) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെ ഫെഡറൽ സർക്കാരുകളുടെ അധികാരങ്ങളിൽ കടന്നുകയറുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളെ ലക്ഷ്യമിട്ട് യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗനിർദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ&ബി) ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യതയ്ക്ക് വലിയ പ്രാധാന്യം നൽകാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി. കരട് മാർഗനിർദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21-01-2025-ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിന് അയച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

യു.ജി.സി. കരട് റെഗുലേഷൻ 2025-ലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രൊഫസർ പ്രഭാത് പട്നായിക് അധ്യക്ഷനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റി, പ്രാഥമിക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് റഗുലേഷൻ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03-02-2025-ാം തീയതി കേന്ദ്ര സർക്കാരിനേയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത കരട് മാർഗനിർദേശങ്ങളെക്കുറിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 20-02-2025-ന് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കൺവെൻഷനിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള വിദ്യാഭ്യാസ മന്ത്രിമാരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ജനപ്രതിനിധികളും വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രതിനിധികളും ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രതിനിധികളും പ്രസ്തുത കൺവെഷനിൽ പങ്കെടുക്കുന്നതാണ്.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗനിർദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരള നിയമസഭ ഐകകണ്ഠ്യേന പാസാക്കിയിട്ടുള്ള യു.ജി.സി.-യുടെ പുതിയ നിലപാടുകളും സമീപനങ്ങളും സംബന്ധിച്ചുള്ള തിരുത്തൽ ഒരു പരിഗണനയും ലഭിക്കാതെയിരിക്കുമോയെന്നുള്ളതാണ് ഇപ്പോഴുള്ള അവസ്ഥ. അതിനെതിരായി കേരളം ഒറ്റക്കെട്ടായി ദേശീയ അടിസ്ഥാനത്തിലുള്ള കൺവെൻഷൻ വിളിച്ചു ചേർക്കുന്നതിനും അത് കേരളത്തിന്റെയും ഇന്ത്യയുടെയും ഒരു പൊതുഭാഗമാക്കി മാറ്റുന്നതിനും നടത്തുന്ന ഗവൺമെന്റിന്റെ ശ്രമത്തെ പൂർണ്ണമായിട്ട് അംഗീകരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏത് ആർ.എസ്.എസ്. കാരനും കടന്നുചെന്ന് കാവിവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്ന ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിലും ഫെലോഷിപ്പുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്കിൽനിന്ന് യു.ജി.സി. പിന്നാക്കം പോകുന്ന

സാഹചര്യത്തിലും കേരളത്തിന് ബദൽ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനുണ്ടോ. ഇപ്പോൾ ഫെലോഷിപ്പുകളൊക്കെ അവസാനിപ്പിക്കുന്നുയെന്നുള്ളതാണ് അവസാനം കണ്ട കാഴ്ച. അതിന് ബദലായി കേരളം എന്ത് നിലപാടാണ് സ്വീകരിക്കുക?

ഡോ. ആർ. ബിന്ദു: സർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഏത് ഉദേശ്യത്തിലാണോ രൂപീകൃതമായിട്ടുള്ളത് അതിൽനിന്നും കടകവിരുദ്ധമായിട്ടുള്ള ധർമ്മങ്ങളാണ് ഈ വർത്തമാനകാല സന്ദർഭത്തിൽ അത് നിർവഹിക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്ന പേരിലുള്ള ഗ്രാന്റ്സ് എന്ന വാക്കിനെ അത്യന്തം അവഗണിച്ചുകൊണ്ടുള്ള നിലപാടുകളാണ്, ഗ്രാന്റുകളും ഫെലോഷിപ്പുകളും കൊടുക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് വളരെ നിരുത്തരവാദപരമായ നിലയിൽ പുറം തിരിഞ്ഞിരിക്കുകയാണ്. അതുപോലെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകി വരുന്ന മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് (MANF) പോലുള്ള ഫെലോഷിപ്പുകൾ നിർത്തലാക്കുന്ന സ്ഥിതി ഉണ്ടായി. അധ്യാപകർക്കും ഗവേഷകർക്കും നൽകിവന്നിരുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (FDP), അതുപോലെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ തുടങ്ങിയവ

നിർത്തലാക്കിയ സ്ഥിതിയാണ് ഇന്ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഭാഗത്തുനിന്ന് ഉള്ളതായിട്ടുള്ള കാര്യം. വളരെ സ്ട്രിക്റ്റായിട്ടുള്ള റഗുലേഷൻസ് അടിച്ചേൽപ്പിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. Recommendatory nature-ൽ ഉള്ള ശിപാർശയുടെ സ്വഭാവത്തിലുള്ള മാർഗനിർദേശങ്ങൾ നൽകുകയെന്നുള്ളതാണ് യഥാർഥത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ചുമതലയായിട്ട് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. ആ ഒരു അധികാര പരിധിക്ക് അപ്പുറത്തേയ്ക്ക് പോകുന്ന നിലയാണ് ഇന്ന് കാണുന്നത്. അതുമാത്രമല്ല ഗ്രാന്റുകളും ഫെലോഷിപ്പുകളും നൽകുകയെന്ന ഉത്തരവാദിത്വത്തിൽനിന്ന് മെല്ലെ മെല്ലെ പുറകോട്ടുവലിയുന്ന സ്ഥിതിയും വ്യക്തമായ നിലയിൽ നമുക്ക് കാണാൻ സാധിക്കും. ഇതിന് ബദലായിട്ട് കേരള സംസ്ഥാനത്ത് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, കൈരളി ഗവേഷക അവാർഡ്, മുഖ്യമന്ത്രിയുടെ വിദ്യാർഥി പ്രതിഭാ പുരസ്കാരം തുടങ്ങിയ പദ്ധതികൾ കേരള സർക്കാർ തനതായിട്ടുള്ള സാമ്പത്തിക സ്രോതസ് ഉപയോഗിച്ച് നൽകിവരുന്നുണ്ട്. അതുപോലെ മറ്റ് ഒരു ധനസഹായവും ലഭ്യമല്ലാത്ത ഗവേഷക വിദ്യാർഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിനുള്ള സ്കീം ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇവിടെ ചൂണ്ടികാണിച്ചതുപോലെ യു.ജി.സി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിനും മറ്റ് ആനുകൂല്യങ്ങളിലും കുറവ് വരുത്തിയ ഈ സാഹചര്യത്തിൽ കേരള ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ എത്ര മുതൽ മുടക്കിയെന്നുള്ള കാര്യം ഉൾപ്പെടെ വിശദീകരിക്കാൻ സാധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം ഉന്നത വിദ്യാഭ്യാസ വകുപ്പ് വഴി കേരള സംസ്ഥാന സർക്കാർ 1822.35 കോടി രൂപ പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ വിന്യസിച്ചിട്ടുണ്ടെന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമായ കാര്യമാണെന്ന് കരുതുന്നു. കഴിഞ്ഞ നാലുവർഷക്കാലത്തിനിടക്ക് കേരളം ആറായിരം കോടി രൂപയാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചിട്ടുള്ളതെന്ന് കേന്ദ്ര ഗവൺമെന്റിന്റെതന്നെ ഇക്കണോമിക് സർവെ ചൂണ്ടികാണിക്കുന്നുയെന്നുള്ളതും സ്വാഭിമാനം ഈ സഭയുടെ മുമ്പാകെ ചൂണ്ടികാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന്റെ ഭാഗമായിട്ട് നമ്മുടെ അടിസ്ഥാന സൗകര്യ വിപുലീകരണ മേഖലയിൽ ഉന്നത

വിദ്യാഭ്യാസ രംഗത്ത് വലിയ ഉണർവുണ്ടായിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകളുള്ള അക്കാദമിക് കോംപ്ലക്സുകളും സ്റ്റേറ്റ് ഓഫ് ദ ആർട് സൗകര്യങ്ങളുള്ള ലാബ് കോംപ്ലക്സുകളും മോഡേണൈസ്ഡ് ആയ ലൈബ്രറികളുമെല്ലാം നമ്മുടെ സർവകലാശാലകളിലും കലാലയങ്ങളിലും ഉറപ്പാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക മാത്രമല്ല അക്കാദമിക ഉള്ളടക്കത്തിലും കാലാനുസാരിയായ പരിഷ്കാരങ്ങൾ സമഗ്രവും സമൂലവുമായ നിലയിൽ കൊണ്ടുവരാനാകുന്ന വിധത്തിൽ കരിക്കുലം പരിഷ്കരണം ഉൾപ്പെടെ ഏറ്റെടുക്കാൻ സാധിച്ചുയെന്നുള്ളതും ഏറെ അഭിമാനകരമായ ഒരു കാര്യമായിട്ട് കരുതുകയാണ്.

ശ്രീ. ഡി. കെ. മുരളി: സർ, UGC Draft Regulation സത്യത്തിൽ സംസ്ഥാനങ്ങളുടെ ഫെഡറൽ അവകാശങ്ങളുടെമേലുള്ള ലംഘനമാണെന്നതും അതിന്റെ പിന്നിൽ ഒരു കാവിവൽക്കരണ അജണ്ട ഒളിപ്പിച്ചുവച്ചിട്ടുള്ളതും ഏറെ ചർച്ചാ വിഷയമാണ്. ഈ സന്ദർഭത്തിൽ കേരള നിയമസഭ പ്രമേയം പാസാക്കുകയും സർക്കാരിന്റെ അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ കേന്ദ്ര സർക്കാരിനും യു.ജി.സി.-ക്കും കത്ത് എഴുതിയിട്ടുണ്ടോ;

അതിൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാൻ ആകുമോ?

ഡോ. ആർ. ബിന്ദു: സർ, ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിലും യു.ജി.സി.-ക്കും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കേന്ദ്ര ഗവൺമെന്റിലെ ചുമതല വഹിക്കുന്ന ശ്രീ. ധർമ്മേന്ദ്ര പ്രധാനും കത്ത് അയച്ചിട്ടുണ്ട്. വൻതോതിൽ മുതൽമുടക്കി പൊതുസർവകലാശാലകളെ സംരക്ഷിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റുകളാണ്. സംസ്ഥാന സർവകലാശാലകളുടെ എല്ലാ ചുമതലകളും സംസ്ഥാന ഗവൺമെന്റുകളിൽ നിക്ഷിപ്തമായിരിക്കെ വലിയ രീതിയിലുള്ള കേന്ദ്രീകരണ പരിശ്രമങ്ങൾ നടത്തുന്ന രീതിയിലാണ് പുതിയ യു.ജി.സി. ഡ്രാഫ്റ്റ് ഗൈഡ്‌ലൈൻസ് തയ്യാറാക്കിയിട്ടുള്ളത് എന്നതു സംബന്ധിച്ച പ്രതിഷേധം അറിയിച്ചിട്ടുണ്ട്. മുതൽ മുടക്കുന്ന സംസ്ഥാന ഗവൺമെന്റുകൾക്ക് ഈ സർവകലാശാലകളുടെ പ്രവർത്തനത്തിൽ യാതൊരു തരത്തിലും ഇടപ്പെടാനുള്ള അവകാശമില്ലയെന്ന തരത്തിലും അതിന്റെ നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ യാതൊരു വിധത്തിലും ഇടപ്പെടാനുള്ള സ്പേസ് ഇല്ലാത്ത

തരത്തിലും യു.ജി.സി. മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നുയെന്നുള്ളത് ഖേദകരമാണെന്ന നിലയിൽ അത് നമ്മുടെ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ നിലപാടാണെന്ന് ചൂണ്ടികാണിച്ചുകൊണ്ടുതന്നെ യു.ജി.സി.-ക്കും അതുപോലെ കേന്ദ്ര ഉന്നതവിദ്യാഭ്യാസ മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, യു.ജി.സി. റഗുലേഷനെപറ്റി പഠിക്കാൻ നിയമിച്ച കമ്മിറ്റിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്? റഗുലേഷൻ വ്യവസ്ഥകൾ സർവകലാശാലയുടെ സ്വയംഭരണത്തെ എങ്ങനെയാണ് ബാധിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, യു.ജി.സി. റഗുലേഷനെ സംബന്ധിച്ച് പഠിക്കാൻ പ്രമുഖ അക്കാദമിഷ്യനും സാമ്പത്തിക വിദഗ്ധനുമൊക്കെയായിട്ടുള്ള പ്രൊഫസർ പ്രഭാത് പട്നായിക്-ന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ സമിതിയെയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ചത്. ഈ സമിതി അതിന്റെ പ്രാഥമിക നിരീക്ഷണം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. എങ്ങനെയാണ് ഈ പ്രസ്തുത യു.ജി.സി. റഗുലേഷൻ ഇന്ത്യയുടെ ഭരണഘടന തത്വങ്ങൾക്ക് വിരുദ്ധമാകുന്നതെന്നും യു.ജി.സി.-യുടെ വ്യക്തമായി നിർവചിക്കപ്പെട്ട ഉത്തരവാദിത്വങ്ങളുടെ

അതിർത്തികൾക്ക് അപ്പുറത്തേയ്ക്ക് പോകുന്നതെന്നും ഈ റിപ്പോർട്ടിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം അധ്യാപക നിയമനത്തിൽ notable contributions എന്ന മാനദണ്ഡം ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അശാസ്ത്രീയതയെക്കുറിച്ചും ഈ റിപ്പോർട്ടിൽ ചൂണ്ടികാണിക്കുന്നുണ്ട്. അക്കാദമിക ക്വാളിഫിക്കേഷൻസിനെ നിർവീര്യമാക്കിക്കൊണ്ട് വൈസ് ചാൻസലർ പദവിയുടെയും അതുപോലെ അസിസ്റ്റന്റ് പ്രൊഫസർ വരെയുള്ള തസ്തികകളുടെ അക്കാദമിക ഗുണമേന്മയെ ചോർത്തിക്കളയുന്ന വിധത്തിൽ ഏതെങ്കിലും ഒരു മേഖലയിലെ പ്രവർത്തന പരിചയം മാത്രം മതിയെന്ന രീതിയിലുള്ള നിബന്ധന തീർച്ചയായും നമ്മുടെ സർവകലാശാലകളുടെയും ഉന്നതവിദ്യാഭ്യാസ മേഖലയുടെയും അക്കാദമിക ഗുണനിലവാരം തളർത്തിക്കളയുമെന്ന് വളരെ വ്യക്തമായി റിപ്പോർട്ടിൽ ചൂണ്ടികാണിക്കുന്നുണ്ട്. അതുമാത്രമല്ല വ്യവസായമേഖലയിലെ പ്രവൃത്തി പരിചയം അല്ലെങ്കിൽ Public Administration രംഗത്തെ പ്രവൃത്തി പരിചയം മാത്രം മതിയെന്ന നിലയിൽ വ്യാഖ്യാനിക്കപ്പെടുമ്പോൾ വൻതോതിലുള്ള കച്ചവടവൽക്കരണത്തിനും ഇടവയ്ക്കുമെന്നുള്ളതും ഈ റിപ്പോർട്ട് ചൂണ്ടികാണിക്കുന്നുണ്ട്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, യു.ജി.സി.-യുടെ മാർഗനിർദേശങ്ങൾ പ്രകാരം വൈസ് ചാൻസലർ, അധ്യാപക നിയമങ്ങളിലെ യോഗ്യതകളിൽ വെള്ളം ചേർക്കുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; notable contribution എന്ന പേരിൽ അവ്യക്തമായ നിബന്ധകൾ യോഗ്യതയിൽ ഉൾപ്പെടുത്തുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

(<u>ഡോ. ആർ. ബിന്ദു</u>): സർ, തീർച്ചയായും വൈസ് ചാൻസലർ പദവിയുൾപ്പെടെ അക്കാദമികമായ ഗുണമേന്മയ്ക്ക് വളരെയധികം മുൻതൂക്കം നൽകുന്ന ഒരു പദവിയിൽ അക്കാദമിക യോഗ്യതകൾ അനിവാര്യമല്ല എന്ന നിലയിലും ഏതെങ്കിലും ഒരു മേഖലയിലെ പത്ത് വർഷ കാലത്തെ പ്രവർത്തി പരിചയം മാത്രം മതിയെന്ന നിലയിലുമുള്ള വ്യാഖ്യാനം തീർച്ചയായും ഉന്നതമായിട്ടുള്ള അക്കാദമിക് പദവിയുടെ ഗുണനിലവാരം തളർത്തിക്കളയുമെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഏതെങ്കിലും ഒരു മേഖല എന്ന് പറയുമ്പോൾ ഏത് മേഖലയാണെന്നോ ഏത് അളവിലുള്ള പ്രായോഗിക പരിചയമാണെന്നോ വ്യക്തമായി നിർവചിക്കുന്നില്ല.

ഏതെങ്കിലും ഒരു മേഖലയിലെ notable contribution എന്ന നിലയിൽ കാര്യങ്ങൾ വന്ന് ഭവിക്കുമ്പോൾ ആരാണ് ഈ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ അവരോധിക്കപ്പെടുക എന്നതിനെ സംബന്ധിച്ച് ഇന്നത്തെ ഇന്ത്യൻ സാമൂഹിക സാഹചര്യങ്ങളിൽ വലിയ ഉത്കണ്ഠ ഒരു ജനാധിപത്യ സമൂഹത്തിന് ഉണ്ടാകേണ്ടതുണ്ട് എന്ന് തന്നെയാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, യു.ജി.സി.-യുടെ പുതിയ നിയമങ്ങൾ പൂർണ്ണമായും കാവിവൽക്കരണത്തിന് വേണ്ടിയിട്ടുള്ള ഒരു ശ്രമത്തിന്റെ ഭാഗമാണ് എന്നതിൽ യാതൊരു സംശയവുമില്ല. അത് എതിർക്കപ്പെടേണ്ടത് തന്നെയാണ്. അതോടൊപ്പം പുതിയ 4.25, 5.773 clause-കൾ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കുന്ന തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. രണ്ട് കാര്യങ്ങൾ ഉദാഹരണമായി പറയാം,. സെലക്ഷൻ കമ്മിറ്റിയുണ്ടാക്കുന്നതിനുള്ള അവകാശം - കോളേജുകൾ/സ്ഥാപനങ്ങൾ എഴുതി നൽകുന്നവയിൽ നിന്ന് വൈസ് ചാൻസലർ ഉത്തരവാദിത്വപ്പെട്ട ആളുകളെ തിരഞ്ഞെടുത്ത് കോളേജുകൾക്ക് നൽകി പ്രസ്തുത സെലക്ഷൻ കമ്മിറ്റിയാണ് അധ്യാപക നിയമനങ്ങളും മറ്റും

നടത്തിയിരുന്നത്. അത് ഇതിന്റെ ഭാഗമായി ഒഴിവാക്കപ്പെടുകയാണ്. രണ്ടാമത് 70 ശതമാനം മാർക്ക് പി.എച്ച്.ഡി., പബ്ലിക്കേഷൻ തുടങ്ങിയവയ്ക്ക് ഉൾപ്പെടുത്തിയായിരുന്നു ഇന്റർവ്യൂ നടത്തിയിരുന്നത്. അതിനുപകരം ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുകയാണ്. അത് കേരളത്തിലും ഉപയോഗപ്പെടുത്തി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കാര്യം അങ്ങേയ്ക്ക് അറിയാം. അതിന്റെ പ്രയാസങ്ങൾ നമ്മൾ ഇന്ന് അനുഭവിക്കുകയാണ്. അതുകൊണ്ട് ഭരണഘടന അംഗീകരിക്കുന്നതും അനുവദിക്കുന്നതുമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഒപ്പം ഡയറക്ട് ഇന്റർവ്യൂ നടത്താതെ മറ്റുള്ളതിനും കൂടി മാർക്ക് നൽകി ആ ഇന്റർവ്യൂ ക്രമീകരിക്കാനും സംസ്ഥാന സർക്കാരിന് മുൻകൈയെടുക്കാൻ സാധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, എല്ലാ മേഖലകളിലും അമിതാധികാരവും സ്വേച്ഛാധിപത്യ പ്രവണതകളും അമിതമായ കേന്ദ്രീകരണ പരിഷ്കരണങ്ങളും കേന്ദ്ര ഭരണാധികാരികൾ പുലർത്തിപോരുന്നത് നമ്മൾ കണ്ടുവരികയാണ്. ആ പശ്ചാത്തലത്തിൽ കൂടിയാണ് നമ്മൾ ഈ പുതിയ ഡ്രാഫ്റ്റ് റെഗുലേഷനെ വീക്ഷിക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടികാണിച്ചതുപോലെ കാവിവൽക്കരണ പരിശ്രമങ്ങളുടെ ഏറ്റവും ഒടുവിലത്തെ അധ്യായമായി

തന്നെയാണ് നമ്മൾ ഇതിനെ വായിക്കേണ്ടത്. നമ്മുടെ മതന്യൂനപക്ഷങ്ങൾക്കും സമൂഹികമായും സാമ്പത്തികമായും പിൻനിരയിലുള്ളവർക്കും എല്ലാം പ്രയാസം സൃഷ്ടിക്കാവുന്ന ഉള്ളടക്കം ഡ്രാഫ്റ്റ് മാർഗനിർദേശത്തിലുണ്ട് എന്നതാണ് യാഥാർഥ്യം. ഹിന്ദുത്വ അജണ്ട നടപ്പാക്കിക്കൊണ്ട് നമ്മുടെ ആശയകേന്ദ്രങ്ങളും രാജ്യത്തെ വൈജ്ഞാനിക കേന്ദ്രങ്ങളും ആയിട്ടുള്ള സർവകലാശാലകളെയാകെ കൈപ്പിടിയിലൊതുക്കുന്നതിനുള്ള ഗൂഢമായ നീക്കം ഇതിന്റെ പിന്നിലുണ്ടെന്ന് വളരെ സുവ്യക്തമായ കാര്യമാണ്. അതുകൊണ്ട് തന്നെ ഈ യു.ജി.സി. മാർഗനിർദേശങ്ങളിൽ പ്രതിലോമപരമായ അംശങ്ങളെ ഒഴിവാക്കുന്നതിന് യോജിച്ചുള്ള നടപടികളാണ് വേണ്ടത് എന്നുള്ളത് ഈ സഭയുടെ മുമ്പാകെ ഒരിക്കൽക്കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫെബ്രുവരി 20-ാം തീയതി ഈ വിഷയവുമായി ബന്ധപ്പെട്ട് ശങ്കരനാരായണൻ തമ്പി ഹാളിൽ നടത്തുന്ന നാഷണൽ കൺവെൻഷനിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായിട്ട് ഏവരും ഒരുമിച്ച് നിൽക്കേണ്ടതുണ്ട് എന്ന് കൂടി ബഹുമാനപ്പെട്ട അംഗത്തോട് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കേന്ദ്രസർക്കാർ ആർ.എസ്.എസ്.-ന്റെ ആശയങ്ങൾ നടപ്പാക്കാൻവേണ്ടി നല്ല പരിശ്രമങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. ഈ റെഗുലേഷന്റെ ഭാഗമായി കരിക്കുലത്തിലും സിലബസിലും തങ്ങളുടെ രാഷ്ട്രീയ അഭിപ്രായങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ഈ സർക്കാർ കാണുന്നുണ്ടോ; അങ്ങനെയാണെങ്കിൽ അപകടകരമായ ഈ നീക്കത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽനിന്ന് എങ്ങനെയാണ് ചെറുക്കാൻ സാധിക്കുകയെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, വൈസ് ചാൻസലർ നിയമനത്തിൽ ഉൾപ്പെടെ കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധികളായവർക്ക് മാത്രം കടന്നുവരാവുന്ന രീതിയിലുള്ള നിർദേശങ്ങളാണ് ഈ ഡ്രാഫ്റ്റ് മാർഗനിർദേശത്തിന്റെ ഉള്ളടക്കമായി കാണപ്പെടുന്നത്. വൈസ് ചാൻസലർ നിയമനത്തിന് ചാൻസലറുടെ പ്രതിനിധിയും യു.ജി.സി.-യുടെ പ്രതിനിധിയും സർവകലാശാലയുടെ പ്രതിനിധിയും എന്ന രൂപത്തിലുള്ള നിർദേശമാണ് വന്നിട്ടുള്ളത്. അതിന്റെ ചെയർമാനായിട്ട് പ്രവർത്തിക്കുക ചാൻസലറുടെ പ്രതിനിധിയായിരിക്കും. അപ്പോൾ സ്വഭാവികമായും വൈസ് ചാൻസലർ

തിരഞ്ഞെടുപ്പിൽ ഉൾപ്പെടെ വലിയ രീതിയിൽ കേന്ദ്രഗവൺമെന്റിന്റെ കാവിവൽക്കരണ അജണ്ട നടപ്പാക്കാൻ സാധ്യതയുള്ള വിധത്തിലായിരിക്കും നിയമനം നടക്കുകയെന്നുള്ള ആശങ്ക വലിയ തോതിൽ ഇന്ന് രാജ്യമെമ്പാടും ഉയർന്നുവരുന്നുണ്ട്. സമാനമനസ്കരായിട്ടുള്ള വിദ്യാഭ്യാസ മന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ട് അടുത്ത കാലത്ത് കർണാടക ഗവൺമെന്റ് ഒരു കോൺക്ലേവ് വിളിച്ചുചേർക്കുകയുണ്ടായി. ഞാനും അതിൽ പങ്കെടുക്കുന്ന നിലയുണ്ടായിട്ടുണ്ട്. തീർച്ചയായും ഈ യു.ജി.സി. ഡ്രാഫ്റ്റ് മാർഗനിർദേശത്തിലുള്ള പ്രതിലോമപരമായിട്ടുള്ള അംശങ്ങൾ ചെറുക്കപ്പെടേണ്ടതാണ്. അത് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ മതനിരപേക്ഷ സ്വഭാവം കാത്തുസംരക്ഷിക്കുന്നതിന് അനിവാര്യമായ ഒന്നാണ്. അതിന്റെ ജനാധിപത്യ സ്വഭാവവും അക്കാദമിക് ക്വാളിറ്റിയും സംരക്ഷിക്കുന്നതിന് ഈ പുതിയ ഡ്രാഫ്റ്റ് മാർഗനിർദേശത്തിന്റെ ഉള്ളടക്കത്തെ ചോദ്യം ചെയ്യപ്പെടുന്ന നിലപാട് സ്വീകരിക്കപ്പെടേണ്ടതുണ്ട്. അതോടൊപ്പം തന്നെ collaborative ആയിട്ടുള്ള സമീപനത്തോടുകൂടി സംസ്ഥാന ഗവൺമെന്റുകളോടും ഇക്കാര്യത്തിൽ ആശയവിനിമയം നടത്തുകയെന്ന പ്രാഥമികമായ ജനാധിപത്യ ഉത്തരവാദിത്വം യു.ജി.സി.

നിറവേറ്റേണ്ടതുണ്ടതെന്ന് സംസ്ഥാന ഗവൺമെന്റുകൾ ചൂണ്ടി കാണിക്കുന്നുണ്ട് എന്ന വിവരം കൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. കാവിവൽക്കരണ അജണ്ട നടപ്പാക്കി നമ്മുടെ ആശയ കേന്ദ്രങ്ങളെ സമ്പൂർണ്ണമായും തങ്ങളുടെ കൈപ്പിടിയിലൊതുക്കുക എന്നുള്ള വളരെ ഗൂഢമായിട്ടുള്ള ഉദ്ദേശം ഇതിലൂടെ നടപ്പാക്കികൊണ്ടിരിക്കുകയാണ്. ആശയപരമായ infiltration-ലൂടെ രാഷ്ട്രീയാധികാരം നിലനിർത്തുകയെന്നുള്ളത് തന്നെയാണ് ഉദ്ദേശമെന്നുള്ളത് വളരെ സുവ്യക്തമായ നിലയിൽ കാണാൻ സാധിക്കുന്ന ഒന്നാണ്. തീർച്ചയായും അത് ചെറുക്കപ്പെടേണ്ടതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എന്ന യു.ജി.സി. വകുപ്പ് 26(1)(e) അധ്യാപകരുടെ യോഗ്യതകളെ നിയന്ത്രിക്കാനോ റെഗുലേറ്റ് ചെയ്യാനോ ആണ്. പ്രസ്തുത വകുപ്പിനെ അടിസ്ഥാനപ്പെടുത്തികൊണ്ടാണ് റെഗുലേഷൻ വരുന്നത്. വൈസ് ചാൻസലർ എന്നുള്ളത് ഒരു അധ്യാപകൻ അല്ലാത്തിടത്തോളം കാലം യു.ജി.സി.-ക്ക് അത് സംബന്ധിച്ച് റെഗുലേഷൻ നടത്താനുള്ള അധികാരം പാർലമെന്റ് നൽകിയിട്ടില്ല. യഥാർത്ഥത്തിൽ വൈസ് ചാൻസലർമാരുടെ

നിയമനത്തെ സംബന്ധിച്ചുള്ള യു.ജി.സി. റെഗുലേഷൻ, യു.ജി.സി. നിയമത്തിന് ultra vires ആണ്. അതോടൊപ്പം തന്നെ ഭരണഘടനയുടെ Entry 32-ൽ Regulation of the Universities എന്നത് സംസ്ഥാനത്തിന്റെ അധികാരത്തിൽ വരുന്നതാണ്. യൂണിയൻ ലിസ്റ്റ് 44 റെഗുലേഷനിൽ പറയുന്നത് except universities എന്നാണ്. അത് പൂർണ്ണമായിട്ടും ഭരണഘടനയ്ക്ക് മാത്രമല്ല യു.ജി.സി. നിയമത്തിനുതന്നെ ultra vires ആയിട്ടുള്ള ഒന്നാണ്. വൈസ് ചാൻസലറുടെ നിയമനവും റെഗുലേഷനും പൂർണ്ണമായും സംസ്ഥാനത്തിന് അധികാരപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് റെഗുലേഷൻ തന്നെ നിയമവിരുദ്ധമാണ് എന്നാണ് സൂചിപ്പിക്കാനുള്ളത്.

## റോഡുകളിൽ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ

2 (*122) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ

ചൂണ്ടിക്കാട്ടി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്) റോഡ് സുരക്ഷാ അതോറിറ്റിക്ക് റിപ്പോർട്ടുകൾ നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ടുകൾ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ നിർദേശങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കേരളത്തിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ റോഡ് സേഫ്റ്റി അതോറിറ്റി വഴിയും എം.വി.ഡി. വഴിയും നടപ്പാക്കിയിട്ടുള്ള പദ്ധതികളാണ്. ദീർഘമായ ഉത്തരമാണ്. മേശപ്പുറത്ത് വയ്ക്കുന്നു.

(എ&ബി) നാറ്റ്പാക് 2016 മുതൽ 2021 വരെ വിവിധ കാലഘട്ടങ്ങളിലായി കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | (സമർപ്പിച്ച റിപ്പോർട്ടിന്റെ പേര് ) | വർഷം |
|---|---|---|
| 1 | എറണാകുളം ജില്ലയിലെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും | 2016 |

| | | |
|---|---|---|
| 2 | കേരളത്തിലെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയൽ | 2017 |
| 3 | കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും ഹ്രസ്വകാല മെച്ചപ്പെടുത്തലും | |
| | ഘട്ടം - 1 കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും | 2019 |
| | ഘട്ടം - 2 ബ്ലാക്ക് സ്പോട്ടുകളുടെ ഹ്രസ്വകാല മെച്ചപ്പെടുത്തൽ നടപടികളുടെ ഒരുക്കം | 2020 |
| 4 | കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും ഹ്രസ്വകാല മെച്ചപ്പെടുത്തലും | |
| | ഘട്ടം - 1 കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും | 2021 |

(സി) നാറ്റ്പാക്കിന്റെ റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കി വരുന്നു.

സംസ്ഥാനത്തൊട്ടാകെയുള്ള റോഡുകളിലെ വിവിധ ഭാഗങ്ങളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ വരുന്ന ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കാൻ പൊതുമരാമത്ത് ഫണ്ടും, KRSA ഫണ്ടും ഉപയോഗിച്ചുവരുന്നു. NHAI-യുടെ പദ്ധതിയായ ആറ് വരി പാത പൂർത്തീകരിക്കുന്ന മുറക്ക് NH 66-ലെ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കപ്പെടും. കൂടാതെ മറ്റ് റോഡ് owning ഏജൻസികൾ അവരുടെ ഫണ്ടുകൾ മുഖാന്തിരവും ബ്ലാക്ക് സ്പോട്ടുകൾ പരിഹരിച്ചുവരുന്നു. ഓരോ ജില്ലയിലും കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കാൻ റോഡ് സുരക്ഷാ

അതോറിറ്റി ഓരോ ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിൽ (DRSC)കൾക്കും 10 ലക്ഷം രൂപ വീതം അനുവദിക്കുകയും ആദ്യ ഗഡുവായി 5 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മുടെ കേരളത്തിൽ ഏറ്റവും കൂടുതൽ ജീവൻ പൊലിയുന്നത് റോഡിലാണെന്ന് വെറുതെ പറയാൻ വേണ്ടി പറയുന്നതല്ല. 2020-ൽ 27887 അപകടങ്ങളും 2900 മരണങ്ങളും 2021-ൽ 33296 അപകടങ്ങളും 3429 മരണങ്ങളും 2022-ൽ 43910 അപകടങ്ങളും 4317 മരണങ്ങളും 2023-ൽ 48091 അപകടങ്ങളും 4080 മരണങ്ങളും 2024-ലെ കണക്കെടുപ്പ് പൂർത്തിയായില്ലെങ്കിലും 48836 അപകടങ്ങളും 3714 മരണങ്ങളുമുണ്ടായിട്ടുണ്ട്. ഇത് ഏറ്റവും ഗൗരവമേറിയ ഒരു വിഷയമാണ്. കാരണം, നമ്മുടെ ജനസംഖ്യ രാജ്യത്തെ ജനസംഖ്യയുടെ 3 ശതമാനമാണ്. എന്നാൽ, രാജ്യത്തുണ്ടാകുന്ന അപകടങ്ങളുടെയും മരണങ്ങളുടെയും 10 ശതമാനം കേരളത്തിലാണ് ഉണ്ടാകുന്നത്. നമ്മൾ Road safety-ക്ക് least priority-യാണ് കൊടുക്കുന്നത്. അപകടങ്ങളുടെയും മരണങ്ങളുടെയും നിരക്ക് വർധിച്ചുവരുമ്പോൾ Have you undertaken any study particularly? Road safety-യുമായി ബന്ധപ്പെട്ട് നമ്മുടെ സർക്കാർ എന്തെങ്കിലും

ആധികാരികമായ പഠനങ്ങൾ നടത്തി റോഡുകളുടെ ഡിസൈൻ തകരാറാണോ അതോ മറ്റെന്തെങ്കിലും വിഷയങ്ങളാണോയെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ഡാറ്റ ശരിയാണ്. 2022 മുതലുള്ള കണക്ക് പരിശോധിച്ചാൽ, മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും കഠിനമായ ശ്രമങ്ങളുടെ ഫലമായി 2022-ൽ മരണ അനുപാതം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ട്. അപകടങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ടെങ്കിലും 2022-ൽ 4317 മരണങ്ങളാണ് ഉണ്ടായിട്ടുള്ളതെങ്കിൽ 2023-ൽ മരണങ്ങളുടെ എണ്ണം 4080 ആയി കുറഞ്ഞ് ഏകദേശം 8.5 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഈ വർഷം 3746 എണ്ണമായി മരണങ്ങൾ കുറഞ്ഞുവെന്ന ഭാഗ്യമുണ്ട്. എന്നാൽ, ഈ വർഷം അപകടങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ വളരെയധികം വർധിച്ചിട്ടുണ്ട്. അതിൽ പ്രധാനമായി കണ്ടുവരുന്നത് വാഹനം ഓടിക്കുന്നവരുടെ നിലവാരമില്ലാത്ത ഡ്രൈവിംഗും അശ്രദ്ധയുമാണ്. കൂടുതൽ അപകടങ്ങളുണ്ടാക്കുന്നതും മരണങ്ങൾ സൃഷ്ടിക്കുന്നതും മോട്ടോർ

സൈക്കിളുകളാണ്. മോട്ടോർ സൈക്കിളുകൾ ഓടിക്കുമ്പോഴുണ്ടാകുന്ന അശ്രദ്ധ അപകടങ്ങൾക്ക് ഒരു കാരണമാണ്. NATPAC (National Transportation Planning and Research Centre) എല്ലാ വർഷവും കൃത്യമായി പഠനങ്ങൾ നടത്തിയിട്ടുണ്ട്. റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാണിച്ച് അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ സ്റ്റേറ്റ് ഹൈവേയിലെ ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാണിക്കുകയും അത് പി.ഡബ്ല്യൂ.ഡി.-യുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. കൂടാതെ, റോഡ് സേഫ്റ്റി അതോറിറ്റി പല സ്ഥലങ്ങളിലെയും ബ്ലാക്ക് സ്പോട്ടുകൾ ക്ലിയർ ചെയ്യുന്നതിനുള്ള ഫണ്ട് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ NATPAC പഠനം നടത്തുന്നുണ്ട്, ആധികാരികമായ വിലയിരുത്തലും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും കൃത്യമായ കണക്കുകളുമുണ്ട്. ഇപ്പോൾ നാഷണൽ ഹൈവേയുടെ നിർമ്മാണം നടക്കുന്നതിനാൽ തിരുവനന്തപുരത്തുനിന്നും യാത്ര ആരംഭിച്ചാൽ എകദേശം 70 മുതൽ 80 ശതമാനം വാഹനങ്ങൾ എം.സി. റോഡിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയാണ്.

എം.സി. റോഡിൽ യാത്രചെയ്യാൻ സാധിക്കാത്തവിധം ഇപ്പോൾ ശ്വാസംമുട്ടുകയാണ്, ഞെരുങ്ങുകയാണ്. എത്രയുംവേഗം നാഷണൽ ഹൈവേയുടെ നിർമ്മാണം പൂർത്തിയായാൽ ഈ ബുദ്ധിമുട്ട് ഒഴിവായിക്കിട്ടും. ഇപ്പോൾ എം.സി. റോഡിലാണ് ഏറ്റവും അപകട സാധ്യത, ഒരു റോഡിന് താങ്ങാൻ കഴിയാവുന്നതിലധികം വാഹനങ്ങളാണ് ഇതിലൂടെ കടന്നുപോകുന്നത്. വാഹനങ്ങളുടെ ബാഹുല്യം വർധിക്കുകയും റോഡുകളുടെ വലിപ്പം വർധിക്കാതിരിക്കുകയും ചെയ്യുന്ന അപകടകരമായ ഒരു സാഹചര്യമുണ്ട്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, നമ്മുടെ വലിയ പി.ഡബ്ല്യൂ.ഡി പ്രൊജക്ടുകൾ നോക്കിയാൽ, ഇപ്പോൾ എന്റെ മണ്ഡലത്തിൽത്തന്നെ റീബിൽഡ് കേരളയുടെ 110 കോടി രൂപയുടെ ഒരു പ്രൊജക്ട് പൂർത്തീകരിച്ചു. പക്ഷേ അവിടെ അപകടങ്ങളുടെ എണ്ണം ഭയങ്കരമായി വർധിച്ചു. നമ്മുടെ പ്രൊജക്ടിന്റെ component-ൽ Road safety is with you മറ്റൊരു ministry-യിലാണ്. പി.ഡബ്ല്യൂ.ഡി-യും മറ്റ് വകുപ്പുമെല്ലാം മറ്റൊരു ministry-യിലാണ്. നമ്മുടെ വലിയ പ്രൊജക്ടുകളിൽ ഒരു മിനിമം percent ഫണ്ട് പോലും Road safety-ക്കുവേണ്ടിയില്ല. 110 കോടി രൂപയുടെ ഒരു വലിയ പ്രൊജക്ട്

പൂർത്തിയായാൽ Road safety-യ്ക്കായി you don't have funds with you. Road safety-യ്ക്കായി ഫണ്ട് ലഭിക്കുന്നില്ല. അതുകൊണ്ട് ഒരു കാബിനറ്റ് യോഗം ചേർന്ന് Road safety-യ്ക്കായി ഇത്ര percentage മാറ്റിവയ്ക്കണമെന്നുള്ള നയ തീരുമാനമെടുക്കാനുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? നല്ല റോഡുകളുണ്ടാകുമ്പോൾ ആ റോഡുകളിൽ പ്രത്യേകമായി മരണനിരക്ക് ഉയരുന്നതാണെന്ന് പരിശോധിച്ചാൽ മനസിലാകും. എന്റെ മണ്ഡലത്തിലെ കക്കടാശ്ശേരി-കാളിയാർ റോഡിൽ കക്കടാശ്ശേരി ജങ്ഷനിൽമാത്രമായി ഞാൻ ഒരു പഠനം നടത്തിയതാണ്. No of accidents is highly increasing when roads are good. ഈ പ്രൊജക്ടുകളുടെ ഭാഗമായി Road safety-യ്ക്ക് ഒരു ഫണ്ടുമില്ല.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് നൽകുന്നതിന് ഒരു ലിമിറ്റ് ഉണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ശരിയാണ്. ഒരു world bank പ്രൊജക്ടാണ് പുനലൂർ-മൂവാറ്റുപുഴ-പൊൻകുന്നം റോഡ്. ടി റോഡ് എന്റെ നിയോജക മണ്ഡലത്തിലൂടെയും ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാലിന്റെ നിയോജക മണ്ഡലത്തിലൂടെയും കടന്നുപോകുന്നുണ്ട്. ഈ റോഡിൽ

അപകടങ്ങൾ വർധിച്ചിട്ടുണ്ടെന്ന കാര്യം ശരിയാണ്. റോഡുകൾ നല്ലതാകുന്നതോടുകൂടി പ്രത്യേകിച്ച് മോട്ടോർ സൈക്കിളുകൾ അമിതമായ വേഗത്തിലാണ് ഓടിക്കുന്നത്. ഉദാഹരണമായി അടുത്തസമയത്ത് കോന്നിയിൽ അമിതമായ വേഗത്തിൽ വാഹനമോടിക്കുകയും ഡ്രൈവർ ഉറങ്ങിപ്പോകുകയും ചെയ്തപ്പോൾ ഉണ്ടായ അപകടത്തിൽ ഒരു കുടുംബത്തിലെ നാലുപേരാണ് മരണപ്പെട്ടത്. നാഷണൽ ഹൈവേയിലാണെങ്കിലും world bank പോലെയുള്ള പ്രൊജക്ടുകളിലാണെങ്കിലും റോഡുകൾ പ്ലാൻ ചെയ്യുമ്പോൾ Road safety-യ്ക്കായി ഫണ്ട് മാറ്റിവയ്ക്കേണ്ടതാണ്. ഇക്കാര്യം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. യഥാർത്ഥത്തിൽ ഈ ചോദ്യത്തിന് മറുപടി പറയേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. ഗതാഗത വകുപ്പിന് സാധിക്കുന്ന എല്ലാ സഹായങ്ങളും...... ഉദാഹരണമായി ഒരു സ്ഥലത്ത് ഒരു ബ്ലാക്ക് സ്പോട്ട് കണ്ടെത്തിയാൽ അത് റിലീസ് ചെയ്യുന്നതിനുള്ള ഫണ്ട് നൽകാം. റോഡ് സേഫ്റ്റി അതോറിറ്റി ഒരു implementing agency അല്ല. കോഴിക്കോട് കൊയിലാണ്ടിയിൽ ഒരു റോഡ് പരിഷ്കരണത്തിനായി റോഡ് സേഫ്റ്റി അതോറിറ്റി ഒരു ശിപാർശ നൽകുകയും ദൗർഭാഗ്യവശാൽ അവിടത്തെ

എഞ്ചിനീയർമാർ ശിപാർശ നൽകിയ രീതിയിലല്ല പരിഷ്കരണം നടത്തിയത്. ബ്ലാക്ക് സ്പോട്ട് റെക്റ്റിഫൈ ചെയ്യപ്പെട്ടില്ലെങ്കിലും അതിനുള്ള ഫണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം റോഡ് സേഫ്റ്റി അതോറിറ്റി കൊടുക്കേണ്ടിവന്നു. നമ്മുടെ എഞ്ചിനീയർമാരും ശാസ്ത്രീയമായി റോഡ് സേഫ്റ്റിയെക്കുറിച്ച് പഠിക്കേണ്ടിയിരിക്കുന്നു. പുതിയ ഒരു റോഡ് ഡിസൈൻ ചെയ്യുമ്പോൾ ഇക്കാര്യം പ്ലാൻ ചെയ്യുന്നില്ല. പുതിയ റോഡുണ്ടാകുമ്പോൾ ആളുകൾ സ്പീഡിൽ വാഹനമോടിക്കുകയും അപകടങ്ങൾ വർധിക്കുകയും ചെയ്യുന്നു. ഇത് റോഡ് ഡിസൈൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ദിവസവും റോഡിൽ പൊലിയുന്ന ആളുകളുടെ എണ്ണം വർധിച്ചുവരികയാണ്. NATPAC 2016 മുതൽ റോഡ് അപകടസാധ്യതയുള്ള പ്രദേശങ്ങളെ സംബന്ധിച്ചും ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തുകൊണ്ടുമുള്ള റിപ്പോർട്ടുകൾ സർക്കാരിന് നൽകിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അതിലുള്ള implementation-ന്റെ കാര്യം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറയുകയുണ്ടായി. റോഡ് സേഫ്റ്റി അതോറിറ്റി ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസലിന് ഐഡന്റിഫൈ

ചെയ്ത ബ്ലാക്ക് സ്പോട്ടുകളിലെ അപകടം ഒഴിവാക്കുന്നതിനുവേണ്ടി നൽകുന്നത് വെറും 10 ലക്ഷം രൂപയാണ്, ഈ 10 ലക്ഷം രൂപയിൽ എന്ത് ചെയ്യാൻ സാധിക്കും? അതിൽത്തന്നെ ആദ്യഗഡു എന്നനിലയിൽ 5 ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളൂ. മനുഷ്യജീവനെ സംബന്ധിച്ചുള്ള ഒരു പ്രശ്നമെന്ന നിലയിൽ ഇക്കാര്യം വളരെ ഗൗരവമായിക്കണ്ടുകൊണ്ട് റോഡ് സേഫ്റ്റി അതോറിറ്റി, ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസലിന് നൽകുന്ന തുക വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; എന്റെ നിയോജക മണ്ഡലമായ കുണ്ടറയിലെ നാന്തിരിക്കൽ പള്ളി കഴിഞ്ഞ് തൊണ്ടിറക്കുമുക്ക്, പെരുമ്പുഴ കഴിഞ്ഞ് ഹരിശ്രീ ഹോട്ടലിനും പേരയം കോളേജിനുസമീപം കുറിച്ചിയിൽ മുക്കുവളവ്, ആറുമുറിക്കട വളവ്, കൊല്ലം-തേനി ഹൈവേയിൽ പേരയം വരമ്പിൽ ഭാഗം എന്നിവിടങ്ങളിൽ ദിവസവും വാഹനാപകടങ്ങളും മരണങ്ങളും ഉണ്ടാകുകയാണ്. ഈ ഭാഗങ്ങളിലെ റോഡുകളുടെ വളവ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ക്രമീകരിക്കുന്നതിനുള്ള പ്രത്യേകമായ നടപടികൾകൂടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, ജില്ലാകളക്ടർമാർക്ക് കൊടുക്കുന്ന 10 ലക്ഷം രൂപ ബ്ലാക്ക് സ്പോട്ടുകൾ ക്ലിയർ

ചെയ്യുന്നതിനുവേണ്ടിയല്ല, ലഘുവായ നിലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ്. ഒരു particular പ്രൊജക്ട് ഇന്നരീതിയിൽ ചെയ്താൽ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ചാണ് ഫണ്ട് നൽകുന്നത്. അത്തരത്തിൽ ഫണ്ട് ലഭിച്ച ഒരു കാര്യമാണ് കൊയിലാണ്ടിയിലെ സംഭവം. ശാസ്ത്രീയമായ പഠനം നടത്തി ഇന്നരീതിയിൽ ചെയ്യണമെന്ന് റിപ്പോർട്ട് നൽകിയാൽ റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് അനുവദിക്കും. പക്ഷേ നാഷണൽ ഹൈവേയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ........, ഈ അടുത്ത കാലത്ത് NH-66-ൽ പനയംപാടത്ത് ഉണ്ടായ അപകടത്തിൽ 4 കുട്ടികളാണ് മരണപ്പെട്ടത്. അന്ന് കേരളം മുഴുവൻ ഉണർന്നുപ്രവർത്തിച്ചു. അപകടമുണ്ടായത് 13-12-2024-ലാണ്, തൊട്ടടുത്ത ദിവസമായ 14-12-2024-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും ദേശീയപാതാ വിഭാഗവും പോലീസും പാലക്കാട് കളക്ടറേറ്റിൽ യോഗം ചേരുകയുണ്ടായി. പാലക്കാട് അപകടമുണ്ടായ സ്ഥലത്ത് എന്തൊക്കെയാണ് റെക്ടിഫൈ ചെയ്യേണ്ടതെന്ന ഒരു പഠനം മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് അപകടമുണ്ടായ ഉടൻതന്നെ നൽകിയിരുന്നു. ഈ അപകടത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത

വകുപ്പുമന്ത്രിയെന്ന നിലയിൽ നാഷണൽ ഹൈവേ അതോറിറ്റിയുമായി 17-12-2024-ൽ തിരുവനന്തപുരത്ത് യോഗം ചേരുകയും അപകടമുണ്ടായ ജങ്ഷനിലെ പ്രശ്നം പരിഹരിക്കുന്നതിനായി 1 കോടി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഡയറക്ടർ ശ്രീ. മീണയുമായി സംസാരിച്ച് ഉറപ്പാക്കുകയും സ്പോട്ടിൽത്തന്നെ 1 കോടി 35 ലക്ഷം രൂപ നാഷണൽ ഹൈവേയിൽനിന്നും അനുവദിച്ചുതരികയും ചെയ്തു. അതിന്റെ എല്ലാം ക്ലിയറൻസും പൂർത്തിയായി ഫണ്ട് ലഭിച്ചിട്ടുണ്ട്. അടുത്തതായി പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരാണ് അത് ചെയ്യേണ്ടത്. റോഡുവർക്ക് ചെയ്ത ഊരാളുങ്കൽ സൊസൈറ്റിയെക്കൊണ്ടുതന്നെ ഈ വർക്ക് ചെയ്യിക്കാനും തീരുമാനമെടുത്തു. എനിക്ക് ലഭ്യമായ അറിവനുസരിച്ച് അടുത്ത മാസം പകുതിയോടുകൂടി വർക്കുകൾ പൂർത്തിയാക്കുമെന്നാണ് അവർ ഉറപ്പ് നൽകിയിരിക്കുന്നത്. ഇതുപോലെ ഹൈവേയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം എഴുതിനൽകിയാൽ ഞാൻ ഹൈവേ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹരിക്കുകയും ചെയ്യാം. പ്രാദേശിക റോഡുകളിലുണ്ടായ പ്രശ്നങ്ങൾക്ക് ജില്ലാ അതോറിറ്റി മുഖേന ഒരു പ്രൊജക്ടായി ശിപാർശ നൽകിയാൽ

തീർച്ചയായും അത് പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സംസ്ഥാനത്ത് ഉണ്ടാകുന്ന റോഡപകടങ്ങളിൽ കാൽനടയാത്രക്കാർക്കും അപകടങ്ങൾ ഉണ്ടാകാറുണ്ട്. അവർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ ആലോചിച്ചിട്ടുണ്ടോ, കൂടാതെ NH-766-ൽ കൽപ്പറ്റ കൈനാട്ടി മുതൽ കാക്കവയൽ വരെ എല്ലായിടത്തുമില്ല, ചില ഏരിയകളിൽ നിരന്തരമായി അപകടങ്ങളുണ്ടാകുന്നുണ്ട്. ഇത്തരം മേഖലകളിൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കാൽനടയാത്രക്കാർക്കുണ്ടാകുന്ന അപകടത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. മിക്കയാളുകളും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് റോഡിലൂടെ നടക്കുന്നതാണ് ഇത്തരത്തിലുള്ള അപകടത്തിന്റെ പ്രധാന കാരണം. ഫോണിൽ സംസാരിച്ചുകൊണ്ടുനടക്കുമ്പോൾ റോഡിൽക്കൂടി വാഹനങ്ങൾ വരുന്ന

കാര്യമൊന്നും അവർ അറിയുന്നില്ല, വാഹനമിടിച്ചുകഴിയുമ്പോഴാണ് അവർ അറിയുന്നത്. റോഡ് ക്രോസ് ചെയ്യുന്നതിന്റെ പാഠം അവർക്ക് അറിയില്ല. റോഡിന്റെ ഇരുവശങ്ങളും നോക്കാറില്ല, വേണമെങ്കിൽ വാഹനം നിർത്തുമെന്നാണ് അവരുടെ ധാരണ. നമ്മുടെ നാട്ടിൽ ഡ്രൈവിംഗ് പഠിച്ചവർക്കും ഡ്രൈവിംഗ് പഠിപ്പിക്കുന്ന ഇൻസ്ട്രക്ടർക്കുപോലും റോഡിൽ എന്തിനാണ് സീബ്രാ ലൈൻ വരച്ചിരിക്കുന്നതെന്ന് അറിയില്ല. ഇത് പുതുതായി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റോഡിലെ കാൽനടയാത്രക്കാരുടെ സുരക്ഷയെ സംബന്ധിച്ച് എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ, ഇത് നമ്മൾ ഇടപെട്ട് ചെയ്യേണ്ട കാര്യമല്ല, പോലീസ് വകുപ്പ് ചെയ്യേണ്ട കാര്യമാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടാൽ നടക്കുന്ന കാര്യമാണ്. നിലവിൽ വാഹനമോടിക്കുന്നവർക്ക് മാത്രമേ ഫൈൻ ഉള്ളൂ, കാൽനടയാത്രക്കാർക്ക് റോഡിലൂടെ മൊബൈൽ ഫോണിൽ സംസാരിച്ചാലോ വാഹനത്തിന് കുറുകെ ചാടിയാലോ ഒരു ഫൈനുമില്ല, പോലീസ് നിയമത്തിൽ ഒരു ഭേദഗതി വരുത്തിക്കൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഫൈൻ ഏർപ്പെടുത്തിയാൽ അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിക്കും.

കാൽനടയാത്രക്കാർ അപകടത്തിലേയ്ക്ക് എത്തിപ്പെടുകയാണ്, വാഹനമോടിക്കുന്നവരെ മാത്രം കുറ്റം പറയാൻ സാധിക്കില്ല. ഈ വിഷയത്തിൽ കാൽനടയാത്രക്കാരും വളരെയധികം ശ്രദ്ധിക്കണം. അതിനുവേണ്ടി ചില പദ്ധതികൾ നമ്മൾ തയ്യാറാക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സ്ഥലത്തെ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, പെട്ടെന്ന് മറുപടി പറയാൻ സാധിക്കില്ല, ഇത് ബ്ലാക്ക് സ്പോട്ടായി NATPC പഠിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് മറുപടി നൽകാം.

ശ്രീമതി കെ. കെ. രമ: സർ, നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങളുൾപ്പെടെ പലതരം വാഹനങ്ങൾ തീപിടിച്ച് അപകടത്തിൽപ്പെടുന്നത് പതിവായിരിക്കുകയാണ്. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ നിരവധി നിരീക്ഷണങ്ങളും ഊഹാപോഹങ്ങളുമൊക്കെ പ്രചരിപ്പിക്കപ്പെടുകയാണ്. ഇതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങളും ആധികാരികമായ എന്തെങ്കിലും കണ്ടെത്തലുകളുമുണ്ടായിട്ടുണ്ടോ; അത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് വിശദമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ചില ടെക്നിക്കൽ ഡിഫക്റ്റ്

കൊണ്ടാണ് പലപ്പോഴും തീയുണ്ടാകുന്നത്. തീയുണ്ടാകുമ്പോൾ കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്നുള്ള കാര്യങ്ങൾ ഡ്രൈവിങ് പഠനത്തോടൊപ്പം ബേസിക്കായി അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്പോൾ വാഹനത്തിന്റെ മെക്കാനിസത്തിന് തന്നെ മാറ്റം വന്നിരിക്കുകയാണ്. അതിന്റെ ക്ലച്ചിന്റെയും ഗിയറിന്റെയും ഇലക്ട്രിക്കൽ സർക്യൂട്ടിന്റെയും മെക്കാനിസം സംബന്ധിച്ചൊന്നും ഡ്രൈവിംഗ് പഠിപ്പിക്കുന്നവർ പറഞ്ഞുകൊടുക്കാറില്ല. റോഡിൽ വാഹനം ഓടിച്ചുപോകുന്നതല്ലാതെ സാങ്കേതികമായി നമുക്ക് ഇതിനെക്കുറിച്ച് അറിയില്ല. അതുകൊണ്ട് സാങ്കേതികമായ ഒരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ വാഹനയുടമതന്നെ ശ്രമിക്കണം. പലപ്പോഴും തീപിടിക്കുന്നത് വാഹനത്തിലുണ്ടാകുന്ന ചില ഫ്രിക്ഷൻമൂലമാണ്. അത് മനസ്സിലാക്കാനോ റെക്ടിഫൈ ചെയ്യാനോ വാഹനയുടമയോ ഡ്രൈവറോ തയ്യാറാകുന്നില്ല. വാഹനത്തിൽനിന്ന് പുക വരുമ്പോൾ മാത്രമാണ് അവർ അത് അറിയുന്നത്. എന്നാൽ പുക വരുമ്പോൾ പുറത്തേയ്ക്ക് ചാടിയിറങ്ങാനാല്ലാതെ വേറൊന്നും ചെയ്യാൻ അവർക്ക് അറിയില്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾകൂടി ഡ്രൈവിങ് പരിശീലനത്തിന്റെ ഭാഗമാക്കി മാറ്റും. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഡ്രൈവിങ്

സ്കൂളുകളിലെല്ലാം വാഹനത്തിന്റെ മെക്കാനിസംകൂടി പഠിക്കുന്നതിനുള്ള പരിശീലനമാണ് കൊടുക്കുന്നത്. ഡ്രൈവിങ് ടെസ്റ്റിന്റെ ഭാഗമായി നിർബന്ധമായി അത് പഠിപ്പിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രശ്നങ്ങളെ നമുക്ക് നേരിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, കൊല്ലം, ചെങ്കോട്ട ദേശീയപാത മരണക്കെണിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഏഴ് വർഷത്തിനിടയിൽ ആയിരത്തോളം അപകടങ്ങളും 120-ത്തിലധികം മരണവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവിടെ ബ്ലാക്ക്സ്പോട്ടായി പ്രഖ്യാപിക്കേണ്ട ധാരാളം സ്ഥലങ്ങളുണ്ട്. ഇപ്പോഴത്തെ ശബരിമല തീർത്ഥാടന സീസണിൽ രണ്ട് അയ്യപ്പൻഭക്തർ മരണപ്പെടുകയുണ്ടായി. അവിടെ അപകടങ്ങൾ ഒഴിവാക്കാനായി പുനലൂർ ബൈപ്പാസ് പദ്ധതി പ്രൊപ്പോസൽ നമ്മൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു മീറ്റിങ് വിളിച്ചുചേർക്കുന്നതിന് അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ച കാര്യം ശരിയാണ്. തിരുവിതാംകൂർ രാജാവിന്റെ കാലത്തിനുമുമ്പുണ്ടായിരുന്ന ഒരു ചുരം റോഡാണിത്. പ്രസ്തുത റോഡിന് അടിസ്ഥാനപരമായ മാറ്റം വരുത്താതെ ഇതിന്റെ സർഫസ് നിരപ്പാക്കി ഒരൽപ്പം വീതി കൂട്ടുകയാണ് ചെയ്തത്. വനത്തിലൂടെയാണ് പല ഭാഗവും കടന്നുപോകുന്നത്. അതുകൊണ്ട് അതിനനുസരിച്ചിട്ടുള്ള വീതി കൂട്ടാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത റോഡിനടുത്ത് റെയിൽവേയുടെയും വനഭൂമിയുടെയും സ്ഥലമുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഏതെങ്കിലും ഒരു പദ്ധതി വന്നാൽമാത്രമെ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് അത് വിപുലീകരിച്ച് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. എന്റെ ചെറുപ്പകാലം തൊട്ടുള്ള റോഡാണിത്. ആ റോഡിനെ കുറച്ചുകൂടി വീതികൂട്ടി അതിന്റെ സർഫസ് നന്നാക്കി എന്നല്ലാതെ ശാസ്ത്രീയമായ മാറ്റങ്ങളൊന്നുമുണ്ടാക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിനെയുംകൂടി ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റിയുമായി ചേർന്ന് ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കാം.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു. കരിമ്പ ഗ്രാമപഞ്ചായത്തിലെ

പനയമ്പാടം വളവിൽ ലോറി മറിഞ്ഞ് നാല് കുട്ടികൾ മരിച്ചത് എന്റെ മണ്ഡലത്തിലെ ഏറ്റവും ദാരുണമായ സംഭവമാണ്. നാഷണൽ ഹൈവേ 966-ന്റെ താണാവ് മുതൽ നാട്ടുകൽ വരെയുള്ള ഭാഗം പണി പൂർത്തീകരിച്ചു. എന്നാൽ പനയമ്പാടം പ്രദേശം ഇപ്പോഴും ഒരു കൊടുംവളവായി നിലനിൽക്കുകയാണ്. നാഷണൽ ഹൈവേയിൽ ഇത്തരത്തിൽ ഒരു വളവ് വന്നതിന്റെ ഭാഗമായി നിരവധി അപകടങ്ങൾ ഇതിനകംതന്നെയുണ്ടായി. അതിൽ ഏറ്റവും അവസാനത്തെ സംഭവമാണ് കരിമ്പ ഗവ.എച്ച്.എസ്.എസ്. ഹയർ സെക്കൻഡറി സ്കൂളിലെ നാല് കൊച്ചുമക്കൾ മരണപ്പെട്ടത്. അതുകൊണ്ട് നാഷണൽ ഹൈവേയിലെ ഈ കൊടും വളവ് നിവർത്തി അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഒരു കോടി മുപ്പത് ലക്ഷം രൂപ പാസ്സാക്കിയിരുന്നുവെങ്കിലും ഇതുവരെ പ്രശ്നത്തിന് പരിഹാരമായിട്ടില്ല. ഇക്കാര്യം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇക്കാര്യത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം വളരെയധികം താൽപ്പര്യം കാണിച്ച വിഷയമാണ്. അവിടെ വളരെ ദു:ഖകരമായ സംഭവമാണ് നടന്നത്. ഈ അപകടം 12-12-2024-ന് നടന്നുവെങ്കിൽ 17-12-2024-ന് വിളിച്ച യോഗത്തിൽ ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചു. യുദ്ധകാല അടിസ്ഥാനത്തിലാണ് ഇത് ചെയ്തത്. കേന്ദ്ര ഉപരിതല ഗതാഗത, ദേശീയ പാതാ വകുപ്പിൽനിന്ന് ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ അഞ്ച് വർക്കുകളായി തിരിച്ചുകൊണ്ട് അനുവദിച്ച് കിട്ടിയെന്ന് പറയുന്നതുതന്നെ വലിയൊരു ഭാഗ്യമാണ്. ഇനിയത് എത്രയും പെട്ടെന്ന് നടപ്പിലാക്കും. ഈ വളവ് നിവർത്തുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. നാഷണൽ ഹൈവേ അതോറിറ്റി ലാൻഡ് അക്വിസിഷനുവേണ്ടി ഒരു പദ്ധതി നടപ്പാക്കണം. അത് നമുക്ക് ശ്രദ്ധയിൽപ്പെടുത്താം. എത്ര പെട്ടെന്ന് അത് നടക്കുമെന്ന് പറയാൻ സാധിക്കില്ല. കാരണം, അത് പൊതുമരാമത്ത് വകുപ്പല്ല ചെയ്യേണ്ടത്. നാഷണൽ ഹൈവേ അതോറിറ്റിയാണ് നിർവഹിക്കേണ്ടത്. പ്രസ്തുത റോഡിന്റെ പണി പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. ഊരാളുങ്കൽ സൊസൈറ്റിയാണ് ചെയ്തത്. ഒരു പ്രത്യേക തീരുമാനമെന്ന നിലയിൽ

ഊരാളുങ്കൽ സൊസൈറ്റിയെക്കൊണ്ട് ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ ഒരു റെക്ടിഫിക്കേഷൻ അവിടെ നടത്തുകയാണ്. വളവ് നിവർത്തണമെങ്കിൽ ആ ജംഗ്ഷനിൽ ഒരുഭാഗത്തുള്ള കടകൾ മുഴുവൻ മാറ്റേണ്ടതുണ്ട്. അതിന്റെ ലാൻഡ് അക്വിസിഷന് നാഷണൽ ഹൈവേ അതോറിറ്റി തയ്യാറാകുമോയെന്നുള്ളത് അവരുമായി ചേർന്ന് ആലോചിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പെട്ടെന്നൊരു ഉറപ്പ് പറയാൻ സാധിക്കില്ല. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല. ഇനി അപകടങ്ങളുണ്ടാവാതിരിക്കാനുള്ള നടപടി താൽക്കാലികമായി സ്വീകരിക്കാം. റോഡിന്റെ ഡിസൈനിലുള്ള അപാകതയാണ് ഈ അപകടത്തിനെല്ലാം കാരണമായി തീർന്നത്.

ശ്രീ. പ്രമോദ് നാരായണൻ: സർ, ശബരിമല തീർത്ഥാടനം സുഗമവും സുരക്ഷിതവുമാക്കുന്നതിന് ശ്രദ്ധേയമായ പങ്കാണ് മോട്ടോർ വാഹന വകുപ്പിന്റെ സേഫ് സോൺ പദ്ധതി വഹിച്ചത്. ബഹുമാന്യനായ മന്ത്രി നേരിട്ട് സന്ദർശിച്ച ളാഹ വലിയ വളവുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേകമായ പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശബരിമല സേഫ് സോൺ പദ്ധതി വളരെ വിജയകരമായി നടത്തിവരുന്ന പദ്ധതിയാണ്, ഈ വർഷവും അത് കൃത്യമായി നടത്താൻ കഴിഞ്ഞു. അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാരുടെ ഇവിടത്തെ റോഡുകളിലെ പരിചയക്കുറവും വിശ്രമത്തിന്റെ കുറവുമൊക്കെയാണ് ഇപ്രാവശ്യം ചില അപകടങ്ങൾ സൃഷ്ടിക്കാനിടയായത്. എന്നാൽ റോഡിന്റെ അപാകതകൾ മൂലമുള്ള അപകടങ്ങൾ എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തുകയും ഞാനവിടെ സന്ദർശിക്കുകയും അപ്പോൾത്തന്നെ ആവശ്യമായ മാർക്കിംഗും മറ്റ് ക്രമീകരണങ്ങളുമൊക്കെ ചെയ്തുകൊണ്ട് അത് പരിഹരിക്കാൻ കഴിഞ്ഞു. അതുകൊണ്ട് അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്. ഇനിയും അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പ്രസ്തുത പദ്ധതി  വളരെ മികച്ച നിലയിൽത്തന്നെ മുന്നോട്ടുപോകും. ഈ വർഷം വാഹനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിരുന്നു. അതെല്ലാം പരിഹരിച്ച് പുതിയ വാഹനങ്ങൾ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സുതാര്യമായി മികച്ച നിലയിൽ  അടുത്ത വർഷങ്ങളിൽ മുന്നോട്ടുകൊണ്ടുപോകും.

## പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

3(*123)ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഘടക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക്

എത്തുന്നതിനുള്ള വിപുലമായ പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്നത്. അതിന്റെ ഭാഗമായുള്ള നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഓണക്കാലത്ത് ആവശ്യമായ പച്ചക്കറിയുടെ ഭൂരിപക്ഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന സാഹചര്യമുണ്ട്.

നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിന് സാധ്യമായി. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2028-29 സാമ്പത്തിക വർഷത്തോടെ പച്ചക്കറി ഉൽപാദനത്തിൽ ഘട്ടം ഘട്ടമായി സ്വയംപര്യാപ്തതയിൽ എത്തുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ജനകീയ പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന് തുടക്കംകുറിക്കുകയാണ്. ഈ പദ്ധതിയിൽ സമഗ്ര കാഴ്ചപ്പാടോടെ കൃഷി

വകുപ്പിന്റെ വിവിധ കാർഷിക പദ്ധതികൾ സംയോജിപ്പിക്കുകയും വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ യോഗം ചേരുകയും ഇക്കാര്യത്തിനായി ഒരു ജനകീയ പദ്ധതി ആസൂത്രണം ചെയ്ത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ പച്ചക്കറിയിൽ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ തീരുമാനിക്കുകയും ചെയ്തു. ‘ ’ സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം” എന്ന പേരിൽ ആരംഭിക്കുന്ന ഈ ജനകീയ പദ്ധതിയിൽ വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും നേതൃത്വം നൽകാനും തീരുമാനിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയും സുരക്ഷിത പച്ചക്കറികളുടെ ഉൽപാദനവും ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും

വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക, വിദ്യാർഥികളിൽ കാർഷിക സംസ്കാരം ഉണർത്തുവാനും പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ച് സ്കൂളുകൾ, കോളേജുകൾ കേന്ദ്രീകരിച്ച് പച്ചക്കറി പദ്ധതികൾ നടപ്പിലാക്കുക എന്നിവ ലക്ഷ്യമിടുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോടുകൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയും ലക്ഷ്യങ്ങളാണ്. ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി " പോഷക സമൃദ്ധി മിഷൻ" , സുരക്ഷിത പച്ചക്കറിക്കായി " ജൈവ കാർഷിക മിഷൻ" മുതലായവയും മേഖലയിലെ ഇടപെടലുകളാണ് .

കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത് പച്ചക്കറി കൃഷി പ്രോത്സാഹനവും ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷങ്ങളിൽ കൃഷി സമൃദ്ധി പദ്ധതി കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതോടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി, സങ്കരയിനം പച്ചക്കറി തൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് ലക്ഷ്യം. തരിശു ഭൂമികൾ കൃഷിയോഗ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നവോ-ധൻ പദ്ധതിയിൻ കീഴിൽ കൂടുതൽ കൃഷിയിടങ്ങൾ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കർഷക ഉൽപാദന സംഘടനകൾക്കും കണ്ടെത്തി നൽകി വാണിജ്യ അടിസ്ഥാനത്തിലും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഹൈടെക് കൃഷി രീതികൾ അനുവർത്തിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ ഉൽപാദനക്ഷമത

വർദ്ധിപ്പിക്കാനും കാലാവസ്ഥാവ്യതിയാനം കീടരോഗശല്യം എന്നിവ ചെറുക്കുവാനും സാദ്ധ്യമാകും. കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) എന്നിവയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന നടപ്പിലാക്കി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലുൾപ്പെടുത്തി പച്ചക്കറി വിത്തുൽപാദനത്തിനായി ഹെക്ടറിന് 35,000 രൂപ നിരക്കിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി MIDH വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. MIDH പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് സങ്കരയിനം പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 20,000 രൂപനിരക്കിൽ ധനസഹായം നൽകി വരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ആകെ 255.5 ലക്ഷം രൂപ പച്ചക്കറി വിത്തുൽപാദനത്തിനും 1104.291 ലക്ഷം രൂപ ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ വ്യാപനം ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതി, വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

b. വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി

c. തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി

d. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി

പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം – I ൽ കണ്ടാലും.*

2. വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

a. ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

b. ഹൈബ്രിഡ് പച്ചക്കറി വിത്തുൽപാദനം

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

c. കൃഷി ബിസിനസ്സ് കേന്ദ്ര (കെ.ബി.കെ)

d. പച്ചക്കറി കൃഷി പ്രോത്സാഹനം

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധം – II ൽ കണ്ടാലും.*

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലുൾപ്പെടുത്തി പച്ചക്കറി വിത്തുൽപാദനം, ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹനം എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ ശീതകാല പച്ചക്കറികളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ, ശക്തിപ്പെടുത്തൽ, വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാനസൗകര്യങ്ങൾ, വിതരണശൃംഖല, ഉത്തമ കാർഷിക മുറകൾ അവലംബിച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും മൂല്യ ശൃംഖല ശക്തിപ്പെടുത്തൽ, കൃത്യതാ കൃഷി, അർക്ക വെർട്ടിക്കൽ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഗാർഡൻ എന്നി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്. കേരള കാർഷിക സർവകലാശാല പച്ചക്കറിയുടെ 10 ഇനം ഹൈബ്രിഡുകൾ വികസിപ്പിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ. മുഖേന അത്യുൽപാദനശേഷിയുള്ള പച്ചക്കറിവിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച്, കേരള കാർഷിക സർവകലാശാല എന്നിവരുമായി ചേർന്ന് സങ്കര വിത്തുൽപാദനം ആരംഭിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിക്കുകീഴിൽ അത്യുല്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ഉൽപാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നുണ്ട്. 2023-24, 2024-25 വർഷങ്ങളിലായി 14.7 ലക്ഷം ഹൈബ്രിഡ് വിത്ത് പായ്ക്കറ്റുകളും 165.41 ലക്ഷം ഹൈബ്രിഡ് തൈകളും കൃഷി വകുപ്പ് മുഖേന കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

പച്ചക്കറി വിത്ത്, തൈകൾ (സങ്കരയിനം ഉൾപ്പെടെ), മറ്റ് കാർഷികോൽപാദനോപാധികൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽനിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക

കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ വിവിധ ഏജൻസികളിൽനിന്നും ഉൽപാദിപ്പിച്ച് വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് സമയബന്ധിതമായും കാര്യക്ഷമമായും വിതരണം നടത്തി പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ അവ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2024-25 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 23.01 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 43.51 ലക്ഷം പച്ചക്കറി തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), റീബിൽഡ് കേരള ഇനീഷ്യയേറ്റിവ് (RKI) എന്നിവയുടെ സാമ്പത്തിക സഹായത്തോട്

കൂടി കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വയനാട് ജില്ലയിലെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2024-25-ൽ പ്രവർത്തനം ആരംഭിച്ച പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ മികവിന്റെ കേന്ദ്രത്തിലൂടെ അത്യുൽപാദനശേഷിയുള്ള സങ്കര ഇനം പച്ചക്കറി തൈകൾ കർഷകർക്ക് ലഭ്യമാക്കി വരുന്നു. അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളും  കേരളത്തിലുടനീളമുള്ള കാർഷിക സർവകലാശാലാ കേന്ദ്രങ്ങളിൽ ഉൽപാദിപ്പിച്ച് വിൽപന നടത്തി വരുന്നു. 2024 നവംബർ മാസം സംസ്ഥാന സീഡ് സബ്കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച 15 വിളയിനങ്ങൾ കാർഷിക സർവകലാശാല വികസിപ്പിച്ചവയാണ്. രണ്ട് പാവൽ ഹൈബ്രിഡുകളും അത്യുൽപാദനശേഷിയുള്ള 89 ഇനം പച്ചക്കറി വിത്തുകൾ കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലായി 25.72 ടൺ പച്ചക്കറി വിത്തുകളും 66.18 ലക്ഷം പച്ചക്കറി തൈകളും സർവകലാശാല കർഷകർക്കായി ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പച്ചക്കറി ഉൽപാദനത്തിൽ  സ്വയം പര്യാപ്തതയിലെത്താൻ വീട്ടുമുറ്റത്തും മട്ടുപാവിലും പച്ചക്കറി, നമ്മളും

കൃഷിയിലേക്ക്, ഓണത്തിന് ഒരു മുറം പച്ചക്കറി എന്നിവ സർക്കാരിന്റെ വിവിധ പദ്ധതികളാണ്. എന്റെ നിയോജകമണ്ഡലത്തിൽ Vegetable and Fruit Promotion Council Keralam (VFPCK) മുഖാന്തരം പച്ചക്കറി കൃഷി നടത്തി ഒരു കോടി രൂപ ടേൺ ഓവറുണ്ടാക്കിയ പനങ്ങാട്ടിരി ശിവദാസനെ ആദരിക്കുന്നതിനുവേണ്ടി പൗരസമിതി തീരുമാനിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ വന്ന് ആദരവ് നൽകി അഭിനന്ദിച്ചിരുന്നു. ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറി ഉൽപാദനം എത്രയായിരുന്നു; ഇപ്പോൾ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിൽ പച്ചക്കറി ഉൽപാദനത്തിന്റെ കാര്യത്തിൽ നല്ല വർധനയുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 15 ലക്ഷത്തോളം ടൺ പച്ചക്കറിയാണ് ഉൽപാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 17.21 ലക്ഷം ടണ്ണായി വർധിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയിൽ നല്ല ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി വിജയകരമായി കൃഷി നടത്തുന്ന കൃഷിക്കാരനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹത്തിന് ഒരു കോടി രൂപ

വരുമാനമുണ്ടാക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന് ഞങ്ങളെല്ലാവരും പോയി സ്വീകരണം കൊടുക്കുകയുമുണ്ടായി. പച്ചക്കറി ഉൽപാദനത്തിന്റെ പൂർണ്ണതയിലേക്ക് കേരളം എത്തുകയെന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് കേരളത്തിനാവശ്യമായ പച്ചക്കറി കേരളത്തിൽതന്നെ ഉൽപാദിപ്പിക്കാൻ ജനകീയ പങ്കാളിത്തോടുകൂടിയുള്ള ഒരു ശ്രമം നടത്തുകയെന്നാണ് സർക്കാർ ലക്ഷ്യം വച്ചിരിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സംസ്ഥാനത്ത് 64 അഗ്രികൾച്ചറൽ ഫാമുകളുണ്ട്. നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിൽ ഓറഞ്ചിനുപുറമെ 20 ഇനം ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്. അവിടെ നാട്ടുപഴങ്ങളും കാട്ടുപഴങ്ങളും വിദേശ ഇനങ്ങളുൾപ്പെടെ 50 ഇനം ഫലവൃക്ഷത്തൈകളുണ്ട്. ഓർക്കിഡ് ഉൾപ്പെടെ 100 കണക്കിന് ഇനം പൂച്ചെടികളുണ്ട്. 67 മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഓറഞ്ച് ഗ്രാഫ്റ്റ്, പാഷൻ ഫ്രൂട്ട്, അപൂർവയിനം മാവുകളുൾപ്പെടെ മൂന്ന് ലക്ഷത്തോളം തൈകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. അഞ്ചേക്കറിൽ ഫാം ടൂറിസം പരിപോഷിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ ആറാം തീയതി മുതൽ പത്താം തീയതിവരെ അവിടെ അഗ്രിഫെസ്റ്റ് നാച്ചുറ എന്ന പേരിൽ ഞങ്ങൾ

അഗ്രിഫെസ്റ്റ് സംഘടിപ്പിച്ചു. അത് ഉദ്ഘാടനം ചെയ്തതും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെയാണ്. 40000-ത്തിലധികം വരുന്ന ടൂറിസ്റ്റുകളാണ് അവിടേയ്ക്ക് വന്നത്. അവിടെനിന്നും വാങ്ങിക്കുന്ന ടിക്കറ്റിന്റെ ഒരുവിഹിതം ഇത്തരത്തിൽ അഗ്രിഫാം ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് അനുവദിക്കണം എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള ഹൈബ്രിഡ് പച്ചക്കറിയിനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? അതോടൊപ്പം എല്ലാ നിയമസഭാ സാമാജികന്മാരേയും പാവങ്ങളുടെ ഊട്ടി എന്ന് വിശേഷിപ്പിക്കപ്പെടുന്ന നെല്ലിയാമ്പതിയിലേക്ക് സ്വാഗതം ചെയ്യുകയാണ്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, അദ്ദേഹം പറഞ്ഞത് ഏറ്റവും പ്രസക്തമായ മൂന്ന് കാര്യങ്ങളാണ്. നെല്ലിയാമ്പതി പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന ഏറ്റവും മനോഹരമായ ഒരു സ്ഥലമാണ്. നെല്ലിയാമ്പതിയിലെ പ്രകൃതിഭംഗി ആസ്വദിക്കാൻ, നെല്ലിയാമ്പതിയിലെ ഫാം സന്ദർശിക്കാൻ നമ്മൾ എല്ലാവരും സമയം കണ്ടെത്തുന്നത് നല്ലതായിരിക്കും. അത് ഏറ്റവും നല്ലൊരു അനുഭവമായിരിക്കും. രണ്ട്, ഫാം ടൂറിസത്തിന് ഗവൺമെന്റ് നല്ല പ്രാധാന്യം കൊടുക്കുന്നുണ്ട്. ഫാം ടൂറിസത്തിന്റെ ഭാഗമായി വിവിധങ്ങളായ ഫാമുകളിൽ,

നേരത്തെ പറഞ്ഞ 64 ഫാമുകളാണ് ഗവൺമെന്റിന്റെ കൈവശമുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ജില്ലാ പഞ്ചായത്തിന്റെ കൂടി നിയന്ത്രണത്തിലാണ് ചില ഫാമുകളുള്ളത്. 64 ഫാമുകളിലും ഫാം ഫെസ്റ്റിവെൽ സംഘടിപ്പിക്കാനാണ് കൃഷിവകുപ്പ് ആലോചിച്ചിരിക്കുന്നത്. നല്ല വരുമാനം ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. തീർച്ചയായും ആ ഫാം ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ ഒരു സഹായം അവിടെ ലഭ്യമാകുന്ന വരുമാനത്തിൽ നിന്ന് കണ്ടെത്തി നൽകുന്ന കാര്യംകൂടി ഗവൺമെന്റ് അനുഭാവപൂർവം പരിഗണിക്കുന്നതായിരിക്കും. ഈ ഹൈബ്രിഡ് ഇനങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞ മറ്റൊരു സുപ്രധാന കാര്യം. നെല്ലിയാമ്പതിയിലെ സവിശേഷമായ പ്രത്യേകത ഞാൻ കൂടുതൽ പറയുന്നില്ല. നിരവധിയായ ഉൽപ്പന്നങ്ങൾ അവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ ഫാമുകളിൽ നിന്നുതന്നെ 195 ഉൽപ്പന്നങ്ങളാണ് 'കേരളാ ഗ്രോ' എന്ന ബ്രാൻഡ് നെയിമിൽ നമ്മൾ Intellectual Properties Rights Act അനുസരിച്ച് റജിസ്റ്റർ ചെയ്ത ട്രേഡ് നെയിമാണ് 'കേരളാ ഗ്രോ' എന്നുള്ളത്. 195 ഉൽപ്പന്നങ്ങൾ നമ്മുടെ ഫാമുകളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നുണ്ട്. നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന 746

ഉൽപ്പന്നങ്ങൾക്ക് കേരളാ ഗ്രോ എന്നുള്ള ബ്രാൻഡ് നെയിം കൊടുത്തിട്ടുണ്ട്. ഇതിന് മാത്രമായി പ്രത്യേക ഷോപ്പുകളും നമ്മൾ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം ചെയ്യുമ്പോൾ കൃഷിക്കാർ ഉൾപ്പെടെ ഞങ്ങളോട് പറഞ്ഞിരുന്ന ഒരുകാര്യം ഹൈബ്രിഡായിട്ടുള്ള വിത്തിനങ്ങളും തൈകളും വേണമെന്നുള്ളതാണ്. പരമ്പരാഗത ഇനങ്ങൾ മാത്രമാണ് കൃഷിവകുപ്പ് നൽകികൊണ്ടിരുന്നത്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർ ആവശ്യപ്പെട്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം ഹൈബ്രിഡ് വിത്തുകൾ ലഭ്യമാക്കണം എന്നുള്ളതായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ഹൈബ്രിഡ് വിത്തുകൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഹൈബ്രിഡ് വിത്തുകളുടെ എണ്ണം വർധിപ്പിക്കുന്നതിനുവേണ്ടി വി.എഫ്.പി.സി.കെ.-യെ ചുമതലപ്പെടുത്തി. ആലത്തൂരിലാണ് അതിനുവേണ്ടി പ്രത്യേകമായി കർഷകരെ പരിശീലിപ്പിച്ചത്. അഞ്ച് ഏക്കറിലാണ് ആ വിത്തുകളും തൈകളും ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യം ഒരുക്കിയത്. ആദ്യമായാണ് കേരളത്തിൽ അങ്ങനെ നമ്മൾ ചെയ്യുന്നത്. കാർഷിക സർവകലാശാലയിൽ നിന്നും Indian Institute of Horticultural Research (IIHR)-ഉം വികസിപ്പിച്ചെടുത്ത

ഏറ്റവും പുതിയ ഇനങ്ങളാണ് നമ്മൾ വാങ്ങി അതിന്റെ മാതൃ-പിതൃ സംഭവം കൂടി കൊണ്ടുവന്ന് അവയുടെ കൂടുതൽ എണ്ണം ഉണ്ടാക്കുന്ന തരത്തിലേയ്ക്ക് നീങ്ങിയത്. കൃഷിക്കാർക്ക് കൂടുതലായി ഹൈബ്രിഡ് വിത്തുകളും തൈകളും കൊടുക്കുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. അത് വ്യാപിപ്പിക്കുന്നതായിരിക്കും. അതോടൊപ്പംതന്നെ നാടൻ ഇനങ്ങളെയും സംരക്ഷിച്ചുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കാൻ വേണ്ടിയും അവരുടെ ആവശ്യം അനുസരിച്ചും ചെയ്യുന്നതാണ്. 'കൃഷി ദർശൻ' പോലുള്ള പരിപാടികളിൽ കർഷകരും കർഷകരുടെ സംഘടനകളും ഉന്നയിച്ച ഏറ്റവും സുപ്രധാനമായ കാര്യം എന്ന നിലയ്ക്കാണ് അതിനെ നമ്മൾ കണക്കിലെടുത്തത്. തീർച്ചയായും ഇക്കാര്യത്തിൽ കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തുന്നതായിരിക്കും.

<u>ശ്രീ. എം. എം. മണി:</u> സർ, വിഷരഹിത പച്ചക്കറികൾ ജനങ്ങളിലേക്ക് എത്തിക്കാനും പച്ചക്കറിയുടെ ഉപഭോഗം വർധിപ്പിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. പ്രസാദ്:</u> സർ, സുപ്രധാനമായ കാര്യം തന്നെയാണ് പറഞ്ഞത്. വിഷരഹിതമായ പച്ചക്കറികളുടെ കാര്യത്തെക്കുറിച്ച്

പറയുമ്പോൾ നമുക്കുവേണ്ടി ഇവിടെയുള്ള മാർക്കറ്റ് കണക്കാക്കി പുറം നാടുകളിൽനിന്ന് എങ്ങനെയെങ്കിലും ഉൽപ്പാദിപ്പിച്ച് ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നുവെന്നുള്ളത് ശീലമായി മാറിയിരിക്കുകയാണ്. വിഷരഹിതമായി പച്ചക്കറികൾ ഇവിടേയ്ക്ക് എത്തിക്കാനുള്ള സംവിധാനം ഒരുക്കണമെന്ന് കേരളത്തിന് പുറത്ത് കൃഷി ചെയ്യുന്ന ആളുകളോടും നമ്മൾ പറഞ്ഞുവെങ്കിലും നമ്മൾ പരിശോധിക്കുമ്പോൾ മിക്കവാറും പല റിപ്പോർട്ടുകൾക്കകത്തും കാണുന്നത് പ്രത്യേകിച്ചും കാർഷിക സർവകലാശാലകളുടെ ലാബുകളിൽ പരിശോധിക്കുമ്പോൾ അനുവദനീയമായതിനെക്കാൾ കൂടുതൽ അളവിൽ കീടനാശിനികളും മറ്റും അടങ്ങിയിരിക്കുന്നു എന്നാണ് കാണുന്നത്. അനുവദനീയമായതിനെക്കാൾ കൂടുതൽ എന്നുപറഞ്ഞാൽ അത് ആരോഗ്യത്തിന് ഹാനികരം എന്നാണ്. കേരളത്തിൽ അത്തരമൊരു പ്രശ്നത്തെ അഡ്രസ്സ് ചെയ്യുന്നതിന് വേണ്ടിയാണ് തദ്ദേശീയമായി തന്നെ നമുക്കാവശ്യമായ പച്ചക്കറികളും പഴങ്ങളുമെല്ലാം ഇവിടെ ഉൽപ്പാദിപ്പിക്കണം എന്ന് നിശ്ചയിച്ചിരിക്കുന്നത്. വിഷരഹിതമായ ഉൽപാദനം പച്ചക്കറി ഉൽപ്പാദിപ്പിക്കുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പോഷക സമൃദ്ധി മിഷനും, ജൈവ കാർഷിക മിഷനും തുടക്കം

കുറിച്ചിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ ഇടങ്ങളിലേക്ക് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. അത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ സർട്ടിഫിക്കേഷൻ സ്വകാര്യ ഏജൻസികളും മറ്റുമായിരുന്നു ഇതുവരെ നടത്തിയിരുന്നത്. കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സമേതിയെ അതിനുവേണ്ടി ചുമതലപ്പെടുത്തുകയും ആ സർട്ടിഫിക്കേഷൻ ലഭിക്കുകയും ചെയ്തു. അതിന് കൂടുതൽ മാർക്കറ്റുകൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാത്തരത്തിലുമുള്ള പിന്തുണയും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

<u>ശ്രീമതി ഒ. എസ്. അംബിക:</u> സർ, പച്ചക്കറിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സമ്പൂർണ്ണ പച്ചക്കറി യജ്ഞം സംസ്ഥാനത്ത് ആരംഭിക്കുമെന്ന് അറിയിച്ചു. ഇത് എപ്രകാരമാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. പ്രസാദ്:</u> സർ, കേരളത്തിൽ വലിയ ജനകീയ പരിപാടിയായി സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം സംഘടിപ്പിക്കണം എന്നാണ് ഗവൺമെന്റ് ആലോചിച്ചിരിക്കുന്നത്. നമുക്കാവശ്യമായ പച്ചക്കറികൾ ഇവിടെ ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട

കാര്യം. പച്ചക്കറികളുടെ ഉൽപാദനത്തിൽ നല്ല വർധനയുണ്ടായിട്ടുണ്ട്. നമ്മൾ എത്രമാത്രം പച്ചക്കറികൾ കഴിക്കണമെന്ന് ഐ.സി.എം.ആർ.-ന്റെ കണക്കനുസരിച്ചാണ് തീരുമാനിക്കുന്നത്. മുൻകാലങ്ങളിലെ കണക്കുകളിൽനിന്ന് ഐ.സി.എം.ആർ. മാറ്റം വരുത്താറുണ്ട്. നേരത്തെ ഉണ്ടായിരുന്ന കണക്ക് 200 ഗ്രാം പച്ചക്കറികളും 50 ഗ്രാം കിഴങ്ങുവർഗ്ഗങ്ങളും 50 ഗ്രാം ഇലവർഗ്ഗങ്ങളും ഒരു ദിവസം ഒരാൾ കഴിക്കണം എന്നുള്ളതായിരുന്നു. ടി കണക്കനുസരിച്ചാണെങ്കിൽ കേരളം അതനുസരിച്ച് കഴിക്കുന്നില്ല എന്നുള്ളതായിരുന്നു നമ്മുടെ അനുഭവം. ഇന്ത്യൻ ശരാശരി 225 ആകുമ്പോഴും നമ്മൾ 160-ൽ ആണ് നിന്നത്. അത് National Sample Survey Organisation-ന്റെ കണക്കാണ് 160 എന്നുള്ളത്. അപ്പോൾ എത്രമാത്രം ഇത് ഉപയോഗിക്കുന്നുവെന്നുള്ളത് എൻ.എസ്.എസ്.ഒ.-യുടെ കണക്കും എത്രമാത്രം ഉപയോഗിക്കണം എന്നുള്ളത് ഐ.സി.എം.ആർ.-ന്റെ കണക്കിനെയുമാണ് നമ്മൾ സാധാരണ ആശ്രയിക്കുന്നത്. എൻ.എസ്.എസ്.ഒ.-യുടെ കണക്ക് നോക്കിയാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അത്തരമൊരു കണക്കിലേക്ക് എത്തുന്നില്ല. ഒരിക്കൽ ഒരു കണക്ക് തയ്യാറാക്കിയത് അന്ന് രാത്രിതന്നെ അത്

പിൻവലിക്കുകയായിരുന്നു. നമ്മുടെ കുടുംബാരോഗ്യ സർവെയുടെ കണക്ക് അടുത്ത ദിവസം പിൻവലിച്ച്, പിന്നീടത് തള്ളിക്കളഞ്ഞുവെന്ന് പറഞ്ഞതു പോലെയാണത്. 2022-23-ൽ എൻ.എസ്.എസ്.ഒ.-യുടെ കണക്കിൽ പച്ചക്കറി വാങ്ങിക്കുന്നതിന്റെ തുകയുടെ കാര്യം മാത്രമേ പറയുന്നുള്ളൂ. കേരളത്തിന് ആവശ്യമായ പച്ചക്കറിയുടെ കണക്കെടുത്ത് ആ കണക്കിന്റെ അടിസ്ഥാനത്തിൽ ഈ കണക്കുകൾ എല്ലാം ചേർത്തുവച്ചുകൊണ്ട് ഒരാൾ എത്ര കഴിക്കണം എന്ന് കണക്ക് കൂട്ടികൊണ്ട് മലയാളിയുടെ ആരോഗ്യത്തെ സംരക്ഷിക്കുക എന്ന ഏറ്റവും പ്രധാനമായ ഒരു ലക്ഷ്യത്തോടുകൂടി നമുക്കാവശ്യമായ പച്ചക്കറികൾ ഇവിടെ തന്നെ ഉൽപാദിപ്പിക്കാൻ വേണ്ടി കൃഷിവകുപ്പിന്റെ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടും മറ്റ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ടും ഒരു സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന് തുടക്കം കുറിക്കാനും 2028-ഓടുകൂടി ആ ലക്ഷ്യത്തിലേയ്ക്ക് എത്തണമെന്നുമാണ് ആലോചിച്ചിട്ടുള്ളത്. വിവിധ വകുപ്പുകൾ ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നുവെന്നതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പ്രാഥമികമായി യോഗം ചേർന്നുകഴിഞ്ഞു. അതിന്റെ പദ്ധതിയുടെ അന്തിമമായ രൂപം തയ്യാറാക്കാൻ ചീഫ് സെക്രട്ടറിയെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളടക്കമുള്ള സംവിധാനങ്ങളുമായി ചേർന്ന് ആലോചനകൾ നടത്തി ഇക്കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതാണ്. കൃഷിക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, കോളേജുകൾ, സ്കൂളുകൾ എന്നിവയെല്ലാം പങ്കാളികളാക്കി എല്ലാ സംവിധാനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട്, മുമ്പ് സാക്ഷരതാ യജ്ഞമൊക്കെ നടത്തിയതുപോലെ ഒരു ജനകീയ യജ്ഞമാക്കി ഈ പരിപാടി കൊണ്ടുവരണം. ബഹുമാന്യരായ അംഗങ്ങളുടെയും പിന്തുണ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ അക്കാര്യത്തെക്കുറിച്ച് ആലോചിക്കാൻ പ്രത്യേകമായി യോഗങ്ങൾ ചേർന്ന് ഉൾപ്പെടെയാണ് കാര്യങ്ങൾ ആലോചിച്ചിരിക്കുന്നത്. മലയാളിയുടെ ആരോഗ്യത്തെ കണക്കിലെടുത്തുകൊണ്ട് കേരളത്തിനാവശ്യമായ മുഴുവൻ പച്ചക്കറികളും പഴവർഗ്ഗങ്ങളും ഇലവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും ഉൽപാദിപ്പിക്കാൻ ഇവിടെ കഴിയുമെന്നിരിക്കെ ഇപ്പോഴെങ്കിലും തീരുമാനിച്ച് നടപ്പിലാക്കുന്നില്ലെങ്കിൽ വലിയൊരു അപകടത്തിലേക്കുതന്നെ നമ്മൾ പോകും. 56.4 ശതമാനം രോഗങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം അൺ ഹെൽത്തി ഡയറ്റ്സ് എന്നാണ് ഐ.സി.എം.ആർ. പറയുന്നത്. അനാരോഗ്യകരമായ ഭക്ഷണം

പകുതിയിൽ കൂടുതൽ രോഗങ്ങളുടെയും കാരണമായി തീരുന്നിടത്ത് ആ കണക്കുകളെ വച്ചുകൊണ്ടുതന്നെ കേരളത്തിന് മുമ്പോട്ട് പോകേണ്ടതുണ്ട്. നമുക്കാവശ്യമായ പച്ചക്കറികൾ നമ്മൾ ഉൽപ്പാദിപ്പിക്കുകയെന്നതാണ് സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വാണിജ്യാടിസ്ഥാന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് നൽകിവരുന്നത്?

ശ്രീ. പി. പ്രസാദ്: സർ, നേരത്തെ ഞാൻ പറഞ്ഞതുപോലെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി കർഷകരെ സഹായിക്കാൻ വേണ്ടി അവർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഹൈബ്രിഡ് ഇനങ്ങൾ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുമെല്ലാം ഇതിനായി തയ്യാറാക്കണമെന്ന് തീരുമാനിച്ചത്. ഹൈബ്രിഡ് ഇനങ്ങളും അത്യുൽപാദന ശേഷിയുള്ള ഇനങ്ങളും തയ്യാറാക്കി നൽകുന്ന ഒരു പരിപാടിക്ക് തുടക്കം കുറിച്ചതിനെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. കാർഷിക സർവകലാശാല തന്നെ 89 ഇനം അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ തയ്യാറാക്കി കർഷകരിലേക്ക് എത്തിക്കുന്ന നടപടി ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. അതിൽ

പത്തെണ്ണം ഹൈബ്രിഡാണ്. Indian Institute of Horticultural Research-ന്റെ കാര്യം ഞാൻ പറഞ്ഞു. അവരിൽ നിന്ന് 'അർക്ക നികിത' എന്ന് പറയുന്ന ഒരു ഇനം വെണ്ട വാങ്ങി കൂടുതലായി കർഷകരിലേക്ക് എത്തിക്കാനുള്ള ഏർപ്പാട് ചെയ്തു. ഉദാഹരണമായി ഏറ്റവും കൂടുതലായി നമ്മൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ഒരെണ്ണമാണ് പാവൽ. കേരള കാർഷിക സർവകലാശാല പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതും കൂടുതലായി കർഷകരിലേക്ക് എത്തിക്കാൻ, സാധാരണഗതിയിൽ ഒരു ഹെക്ടറിൽ നിന്ന് 25 ടൺ കിട്ടുന്നിടത്ത് കാർഷിക സർവകലാശാല വികസിപ്പിച്ച ഈ രണ്ട് ഇനങ്ങൾ പ്രജനി, പ്രഗതി എന്നിവ 37-40 ടൺ ഒരു ഹെക്ടറിൽ നിന്ന് ലഭ്യമാക്കുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് ഇതെല്ലാം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. അതോടൊപ്പം തന്നെ ഇത് സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സംവിധാനം കൂടി ഏർപ്പെടുത്തി, ഇവിടെ ഉൽപാദനത്തിന്റെ കാര്യം മാത്രം നമ്മൾ നോക്കിയാൽ പോരാ. അത് വിളവെടുത്ത് വിപണനം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലേക്ക് ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കർഷകരെ സഹായിക്കാനുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്.

**ലീഡ്സ് പദ്ധതി**

4(*124) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിജ്ഞാന വ്യാപനത്തിന് ഊന്നൽ നൽകുന്നതിനായി 'ലീഡ്സ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മറ്റ് കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): (എ) ഉണ്ട്. LEADS (Lead Farmer Centered Extension Advisory and Delivery Services) പദ്ധതി, നിലവിൽ 4 ജില്ലകളിലാണ് (കൊല്ലം, പാലക്കാട്, വയനാട്, കണ്ണൂർ)

നടപ്പിലാക്കിവരുന്നത്. ഓരോ പഞ്ചായത്തിൽനിന്നും 50 സെന്റ് കൃഷി ഭൂമിയിൽ വിജയ മാതൃകകൾ തെളിയിച്ച 3 കർഷകരെ ലീഡ് കർഷകരായി തിരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ കർഷകർ ഫലപ്രദമായ ആശയവിനിമയ കഴിവുള്ളവരും ഗ്രൂപ്പ് സന്ദർശനത്തിനും സാങ്കേതിക കൈമാറ്റത്തിനും സമയം മാറ്റിവയ്ക്കാൻ തയ്യാറായിട്ടുള്ളവരുമായിരിക്കണം. അനുഭവസമ്പത്തുള്ള ഈ കർഷകർവഴി മറ്റുള്ള കർഷകർക്ക് കാർഷിക അറിവ് പകർന്ന് വിജ്ഞാന വ്യാപനം സാധ്യമാക്കുന്നു. ഓരോ ലീഡ് കർഷകനെയും കേന്ദ്രീകരിച്ചുകൊണ്ട് ആധുനിക കൃഷി രീതികൾ പ്രാവർത്തികമാക്കാൻ താല്പര്യമുള്ള 10 കർഷകരെ ചേർത്ത് ഒരു സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്. കൃഷിയിടത്തിലെ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ബ്ലോക്കുതലത്തിൽ കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ (ബ്ലോക്ക് ലെവൽ അഗ്രികൾച്ചർ നോളഡ്ജ് സെന്ററുകൾ) തയ്യാറാക്കിയിട്ടുണ്ട്. കാർഷിക സർവകലാശാലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം കൃഷിയിട രോഗ കീടബാധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കർഷകരുടെ

കൃഷിയിടത്തിൽ നേരിട്ടെത്തി മാർഗനിർദേശങ്ങൾ നൽകുന്നു. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന LEADS, ആത്മ (Agricultural Technology Management Agency) എന്നീ പദ്ധതികളുടെ ഭാഗമായും കർഷകർക്ക് കൃഷിയിട പ്രശ്നങ്ങൾ വിദഗ്ധരുടെ മുന്നിൽ അവതരിപ്പിച്ച് പ്രശ്നപരിഹാരം സാധ്യമാക്കുന്നു. മണ്ണുത്തിയിൽ സ്ഥിതി ചെയ്യുന്ന കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം (ATIC-Agricultural Technology Information Centre) വഴി ടെലിഫോണിലൂടെയും കർഷകർക്ക് വിദഗ്ധരുമായി ആശയ വിനിമയത്തിന് അവസരമൊരുക്കുന്നു. കൃഷിദർശൻ പരിപാടിയുടെ ഭാഗമായും കൃഷിവകുപ്പ്, കാർഷിക സർവകലാശാല, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം തുടങ്ങിയവർ നടത്തുന്ന വിവിധ സെമിനാറുകൾ, അദാലത്തുകൾ എന്നിവ മുഖേനയും കർഷകർക്ക് വിദഗ്ധരുമായി പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിന് സാധ്യമാകുന്നു.

(സി) കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷിയിടത്തിലെത്തി നേരിട്ടും വിവിധ പരിശീലനങ്ങളിലൂടെയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. റീജിയണൽ അഗ്രികൾച്ചറൽ ടെക്നോളജി ട്രെയിനിങ് സെന്ററുകൾ, ഫാർമേഴ്സ് ട്രെയിനിങ് സെന്ററുകൾ, സമേതി, കാർഷിക

സർവകലാശാല എന്നിവിടങ്ങളിലൂടെയാണ് പ്രധാനമായും പരിശീലനങ്ങൾ നടത്തുന്നത്. സംസ്ഥാനത്തിനു പുറത്തും ഇസ്രായേൽ പോലുള്ള മറ്റു രാജ്യങ്ങളിലും കർഷകരെ അയച്ച് നൂതന സാങ്കേതിക വിദ്യകൾ പരിശീലിക്കുന്നതിന് കൃഷി വകുപ്പ് അവസരമൊരുക്കിയിട്ടുണ്ട്. ഫീൽഡുതല പ്രദർശന തോട്ടങ്ങൾ, ട്രയലുകൾ എന്നിവയിലൂടെയും കൃഷി പാഠശാലയിലൂടെയും സാങ്കേതികവും നൂതനവുമായ അറിവുകൾ കർഷകരിൽ എത്തിക്കുന്നു. കേരള ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് കൃഷിവകുപ്പ് നടത്തുന്ന കർഷക ഇൻഫർമേഷൻ സിസ്റ്റംസ് സർവീസസ് & നെറ്റ് വർക്ക് പദ്ധതി (KISSAN) പ്രോജക്ട് വിജ്ഞാനപ്രദമായ ടെലിവിഷൻ പരിപാടികളിലൂടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നു. സ്മാർട്ട് കൃഷിഭവനുകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, അഗ്രോ ക്ലീനിക്കുകൾ എന്നിവയിലൂടെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സമ്പൂർണ്ണ കാർഷിക മാസികയായ കേരള കർഷകൻ, കാർഷിക ഇ-ജേർണൽ എന്നിവയിലൂടെയും വിവിധ പ്രചാരണ പരിപാടികളിലൂടെയും സാങ്കേതികവിദ്യകൾ കർഷകരിൽ എത്തിക്കുന്നു. ശാസ്ത്രീയ ഉപദേശങ്ങൾ നൽകുന്നതിനായി കാർഷിക സർവകലാശാലയിലെ വിവിധ ശാസ്ത്ര വിഭാഗത്തിലെ ശാസ്ത്രജ്ഞർ അടങ്ങുന്ന

വിദഗ്ധ സംഘത്തിന്റെ സേവനം ഉറപ്പുവരുത്തുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ എങ്ങനെ കൃഷി ചെയ്യാം എന്നതിനെക്കുറിച്ച് ജനങ്ങൾക്ക് അവബോധം ജനിപ്പിക്കുന്നതിനായി "വിള പരിപാലന ശിപാർശകൾ" എന്ന പുസ്തകം കാർഷിക സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, കർഷകരെ സഹായിക്കുന്നതിനായി കൃഷിവകുപ്പ് ഒട്ടേറെ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കൃഷിദർശൻ എന്ന പരിപാടി വളരെ രസകരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നേട്ടങ്ങൾ എന്തെല്ലാമാണ്; അതിനെ സംബന്ധിച്ച് വിശദമാക്കാമോ; കൂടാതെ ഈ ബജറ്റിൽ അതിനുവേണ്ടി തുക വകയിരുത്തിയിട്ടുണ്ടോയെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ അത്തരം ഒരു പരിപാടി കേരളത്തിൽ ആദ്യമായിട്ടാണ് തുടങ്ങുന്നത്. കൃഷിവകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും മന്ത്രിയുൾപ്പെടെയുള്ള സംഘം മൂന്നുദിവസക്കാലം ആ കാർഷിക ബ്ലോക്കിൽ കൃഷിയിടങ്ങൾ സന്ദർശിച്ചും കർഷകരുമായി ആശയവിനിമയം നടത്തിയും വലിയ തരത്തിലുള്ള കർഷക സഭകളൊക്കെ ചേർന്നും നടത്തിയ പുതിയൊരു

പരിപാടിയായിരുന്നു കൃഷിദർശൻ. നമ്മുടെ മുമ്പിൽ വേറെ മാതൃകകളൊന്നുമുണ്ടായിരുന്നില്ല. ഇന്ത്യയിൽ ആദ്യമായിട്ടാണ് കൃഷിദർശൻ എന്നൊരു പരിപാടി നമ്മൾ നടത്തിയത്. അതിന്റെ ഭാഗമായി നമുക്ക് കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് അപ്പോൾതന്നെ പരിഹാരം കാണാനും സാധിച്ചു. അതുകൊണ്ടാണ് എല്ലാ ഉദ്യോഗസ്ഥരും കൃഷിയിടങ്ങളിലേയ്ക്ക് എത്തുന്ന തരത്തിലേയ്ക്ക് ഇത് മാറിയത്. കേരളത്തിൽ ഒല്ലൂക്കര, തലശ്ശേരി, നെടുമങ്ങാട്, ഹരിപ്പാട് അങ്ങനെ നിരവധി സ്ഥലങ്ങളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിച്ചു. സാധാരണ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് സെക്രട്ടേറിയറ്റിൽനിന്നാണ്. ഡയറക്ടറേറ്റിൽനിന്നും സർക്കുലർ പുറപ്പെടുവിക്കുന്നുണ്ട്. എന്നാൽ കൃഷിയിടങ്ങളിൽവച്ചുതന്നെ കർഷകർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിദർശൻ പരിപാടി നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി കൃഷിയിടങ്ങളിൽ വച്ച് 11 ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കുന്നതിന് സാധിച്ചു. നിരവധിയായ കർഷകർ പുതുതായി കൃഷിയിലേക്ക് ഇറങ്ങുകയും പുതിയ കൃഷിയിടങ്ങൾ സൃഷ്ടിക്കുകയും വലിയ മെച്ചമുണ്ടാകുന്ന തരത്തിലേയ്ക്കെത്താനും നമുക്ക് കഴിഞ്ഞു. ഈ വർഷം

ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ കൃഷിദർശൻ പരിപാടിക്കായി നീക്കിവച്ചിട്ടുണ്ട്. തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനും പരിഹാരം കൈക്കൊള്ളുന്നതിനും കർഷകനും കൃഷി ഉദ്യോഗസ്ഥരുമായുള്ള ബന്ധം സുദൃഢമാക്കുന്നതിനും കഴിഞ്ഞു. കൃഷിദർശൻ എന്ന പേരിലല്ലെങ്കിൽപോലും മറ്റു പല മണ്ഡലങ്ങളിലും സമാനമായ രീതിയിലുള്ള പദ്ധതികൾ നടപ്പാക്കും. ഞാൻ ഇരിക്കൂർ നിയോജകമണ്ഡലമടക്കമുള്ള മണ്ഡലങ്ങളിൽ കഴിഞ്ഞ ദിവസം പരിപാടികൾ നടത്തിയതിന്റെ പശ്ചാത്തലത്തിൽക്കൂടിയാണ് ഇതുപറയുന്നത്. വന്യജീവി പ്രശ്നംമൂലമുണ്ടാകുന്ന വിഷയങ്ങൾ കൃഷിക്കാർ ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ചാണ് കൃഷിവകുപ്പുകൂടി ആ രംഗത്തേയ്ക്ക് ഇടപെടാൻ തീരുമാനിച്ചത്. കൃഷിദർശന്റെ ഭാഗമായിട്ടാണ് അത്തരം ഒരു തീരുമാനത്തിലെത്തിയത്. കൃഷിവകുപ്പിന്റെ പണത്തിൽനിന്നുകൂടി വന്യമൃഗശല്യം പരിഹരിക്കുന്നതിന് പണം നീക്കിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൃഷിദർശൻ എന്നത് പുതിയൊരു പരിപാടിയും പുതിയൊരു അനുഭവവുമാണ്. ഇത് കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് വലിയ മെച്ചമുണ്ടാക്കി തന്ന കാര്യമാണ്. ഇക്കൊല്ലത്തെ ബജറ്റിൽ നീക്കിവച്ച

തുകയ്ക്ക് അനുസരിച്ച് മറ്റു മണ്ഡലങ്ങളിലേയ്ക്കുകൂടി കൃഷിദർശൻ പരിപാടി വ്യാപിപ്പിക്കുന്നതായിരിക്കും.

<u>ശ്രീ. യു. ആർ. പ്രദീപ്:</u> സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലയിൽ പരിശീലനം നൽകുന്നതിനായി സമേതി (സ്റ്റേറ്റ് അഗ്രികൾച്ചറൽ മാനേജ്മെന്റ് ആൻഡ് എക്സ്റ്റൻഷൻ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്) എന്നൊരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. നിലവിൽ നല്ല രീതിയിൽ ആ സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ മറ്റു പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരം നൽകാമോ?

<u>ശ്രീ. പി. പ്രസാദ്:</u> സർ, കാർഷിക മേഖലയിലെ ഒരു Centre of Excellence എന്ന നിലയിലാണ് സമേതി വിഭാവനം ചെയ്തിരുന്നത്. വർഷംതോറും ഏകദേശം അമ്പതിലധികം പരിശീലന പരിപാടികളിലൂടെ രണ്ടായിരത്തോളം ഉദ്യോഗസ്ഥർക്ക് എല്ലാവർഷവും അവിടെ പരിശീലനം നൽകിവരുന്നുണ്ട്. ജൈവകൃഷിയുമായി ബന്ധപ്പെട്ട് PGS (Participatory Guarantee System for India) സർട്ടിഫിക്കേഷൻ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ടി സർട്ടിഫിക്കേഷനുവേണ്ടി റീജിയണൽ കൗൺസിലായി നമ്മൾ സമേതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 590 ക്ലസ്റ്ററുകൾക്ക്

ഇതിനോടകം PGS സർട്ടിഫിക്കേഷൻ നൽകാൻ ഇതിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി എം.ഒ.യു (Memorandum of Understanding) ഒപ്പുവച്ചിട്ടുണ്ട്. സെക്കണ്ടറി അഗ്രികൾച്ചർ എന്ന നിലയിൽ കർഷകർ മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കുമ്പോൾ അവ ആകർഷകമായ പാക്കിങ്ങിലായിരിക്കണം ചെയ്യേണ്ടത്. സാധാരണ പ്രൈമറി അഗ്രികൾച്ചറിനാണ് നാം എപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആദ്യമായാണ് സെക്കണ്ടറി അഗ്രികൾച്ചറിലേയ്ക്ക് മൂല്യവർധിത ഉൽപന്നം എന്ന തരത്തിലേയ്ക്കെത്തുന്നത്. അതിന് ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ സ്ഥാപനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് ആണ്. അവരുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയും കർഷകർക്ക് പരിശീലനം നൽകുന്നകാര്യം ചുമതലപ്പെടുത്തിയതും സമേതിയെയാണ്. അത്തരം പരിശീലനങ്ങളെല്ലാം നടന്നുകഴിഞ്ഞു. കൃഷി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായിതന്നെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻ ഹെൽത്ത് മാനേജ്മെന്റുമായി ചേർന്ന് ഡിപ്ലോമ കോഴ്സുകളും പോസ്റ്റ്-ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകളും നടത്തുന്നുണ്ട്. അതും സമേതി മുഖാന്തരമാണ് നടത്തുന്നത്. ഒരുകാര്യംകൂടി പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. അമ്പതിലധികം പരിശീലന പരിപാടികൾ രണ്ടായിരത്തോളം കൃഷി ഉദ്യോഗസ്ഥർക്ക് പ്രതിവർഷം പരിശീലനം നൽകുക എന്ന രീതിയോടൊപ്പം കേരളത്തിലെ കർഷകർക്കുകൂടി പരിശീലനം നൽകുന്ന ഒരിടമായി സമേതിയെ മാറ്റാൻ തീരുമാനിച്ച വിവരം സന്തോഷപൂർവം ഞാൻ സഭയെ അറിയിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വിജ്ഞാന വ്യാപനത്തിന് അടിസ്ഥാനം സർവകലാശാലകളിൽ നടത്തുന്ന ഗവേഷണങ്ങളാണ്. കേരള കാർഷിക സർവകലാശാല ഇത്തരത്തിൽ എത്ര സാങ്കേതിക വിദ്യകൾ കണ്ടെത്തിയിട്ടുണ്ട്; വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ ഏറ്റവും അഭിമാനകരമായ ഒരു സ്ഥാപനമാണ് കേരള കാർഷിക സർവകലാശാല. കേരള കാർഷിക സർവകലാശാല അമ്പത് വർഷം പിന്നിടുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉജ്ജ്വലങ്ങളായ സംഭാവനകൾ ചെയ്യാൻ ഇതിനോടകം ടി സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഉൽപാദനക്ഷമതയും രോഗപ്രതിരോധ ശേഷിയുമുള്ള 359 ഇനങ്ങൾ കർഷകരിലേയ്ക്ക് എത്തിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ ഒരു നേട്ടമാണ്. വിളകളുടെ ഓരോ ഇനങ്ങൾ (359

ഇനങ്ങൾ) എത്തിക്കുക മാത്രമല്ല ചെയ്തത്; സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി നിൽക്കുന്ന കൃഷിരീതികൾ അവലംബിക്കുന്നുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ സംരംഭകർക്കായിട്ട് 112 സാങ്കേതിക വിദ്യകൾ ഇതിനോടകം കേരള കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്. മുപ്പതോളം സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാക്കുന്നതിന്റെ അവസാനഘട്ട പ്രവർത്തനത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക സർവകലാശാലയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഏഴ് വിളകൾക്ക് ഭൗമസൂചിക പദവി ലഭ്യമാകുകയും സർവകലാശാലയ്ക്ക് 16 പേറ്റന്റുകൾ ഇക്കാലയളവിൽ ലഭിക്കുകയും ചെയ്തു എന്നുള്ളതും സർവകലാശാലയുടെ മികവിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, കർഷകരെ സംബന്ധിച്ചിടത്തോളം കൃഷിക്ക് മണ്ണ് അനുയോജ്യമാക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഉൽപാദന വർധനവിനും സുസ്ഥിര കൃഷിക്കും മണ്ണിന്റെ പരിപാലനം അനിവാര്യമാണ്. 2018-19-ലെ പ്രളയത്തിന്റെ ഭാഗമായി മണ്ണിന്റെ ഘടനയിൽ വലിയ മാറ്റമുണ്ടാകുകയും അത് കൃഷിയെ

വലിയരൂപത്തിൽ പ്രതികൂലമായി ബാധിക്കുകയും ചെയ്ത സാഹചര്യവുമുണ്ട്. നമുക്ക് കേരളത്തിൽ മണ്ണ് സംരക്ഷണത്തിന് ഒരു പ്രത്യേക വകുപ്പുതന്നെയുണ്ട്. സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട ശ്രീ. ലിന്റോ ജോസഫ് പറഞ്ഞതുപോലെ, മണ്ണിന്റെ ഫലഭൂയിഷ്ഠത എന്നുപറയുന്നത് കൃഷിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഉൽപാദനക്ഷമതയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായിതന്നെ മണ്ണിന്റെ ഫലഭൂയിഷ്ഠതയെ കാണേണ്ടതുണ്ട്. അതുകൊണ്ട് കേരളത്തെതന്നെ ഇപ്പോൾ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലയായും 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും തിരിച്ചാണ് പ്രസ്തുത കാര്യങ്ങൾ നടത്തുന്നത്. ഒരേപോലെ എല്ലായിടത്തും കൃഷിചെയ്യുക എന്നത് നടപ്പാകുകയില്ല എന്നുള്ളതുകൊണ്ട് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും അഗ്രോ ഇക്കോളജിക്കൽ സോണുകളുമാക്കി കേരളത്തെ തിരിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏർപ്പെടുന്നത്. അതിൽ സുപ്രധാനമായ പങ്ക്, കേരളത്തിന്റെ മണ്ണ് സംരക്ഷണ മണ്ണ്

പര്യവേഷണ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. ഓരോ കാലത്തും മണ്ണിന്റെ പരിശോധന നടത്തുന്നത് അനിവാര്യമാണ്. എങ്കിൽ മാത്രമെ, എന്തെല്ലാം തരത്തിലുള്ള കുറവുകളും പ്രശ്നങ്ങളുമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അതിനനുസരിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നുണ്ട്. മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളിൽ ഒന്നാണ് ആ പ്രവർത്തനം. ഏതാണ്ട് ഈ ഗവൺമെന്റിന്റെ കാലത്ത് 462344 കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പാക്കികൊണ്ടിരിക്കുകയാണ്. 'മണ്ണ് അറിഞ്ഞ് കൃഷി ചെയ്യുക' എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനാവശ്യമായ പ്രവൃത്തികളാണ് ഈ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അത് ഏറ്റവും നന്നായി മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ:</u> ഓർഡർ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)